# ജാമക്കാരൻ
# JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE -11

NOVEMBER - 2019 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

കർത്താവിൽ പ്രിയരെ,



യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ. കഴിഞ്ഞ മാസങ്ങളിൽ കേരളത്തിലും പുറത്തും നടന്ന എല്ലാ യോഗങ്ങളേയും ദൈവം അനുഗ്രഹിച്ചു. പല അത്ഭുതങ്ങളും മാനസാന്തര അനുഭവങ്ങളും ഉണ്ടായ വിവരങ്ങളെ കത്തുവഴിയായി അറിയിച്ച എല്ലാവരേയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ. കിട്ടിയ സൗഖ്യത്തിനായി ദൈവത്തെ ഞാൻ സ്തുതിക്കുന്നു.

നമ്മുടെ ഇന്ത്യയിൽ സാമ്പത്തികവീഴ്ച മുഖാന്തരം വലിയ നാശം ഉണ്ടാകാൻ പോകുന്നു എന്ന് വിവിധ ദേശങ്ങളിൽ നിന്ന് സാമ്പത്തിക വിദഗ്ദർ, ഏകദേശം 108 പേർ, പ്രധാനമന്ത്രി മോദി അവർകൾക്ക് മുന്നറിയിപ്പുനൽകി കത്തെഴുതിയതായി അറിയുന്നു. പക്ഷെ നമ്മുടെ ദേശത്തിലെ സാമ്പത്തിക കാര്യാലയങ്ങൾ തെറ്റായ വിവരങ്ങൾ പരസ്യപ്പെടുത്തിയിരിക്കുന്നു. ദേശത്തിന്റെ സമ്പദ്വ്യവസ്ഥ തകരാറിലായത് ഗവൺമെന്റ് ഒളിക്കുന്നു, തങ്ങളുടെ തെറ്റുകൾ തിരുത്തുവാൻ ശ്രമിക്കുന്നുമില്ല. അതിനുപകരം തങ്ങളുടെ ഇഷ്ടംപോലെ ദേശത്തെ തെറ്റായ പാതയിൽ നടത്തുന്നു. അടുത്ത കാലത്ത് സാമ്പത്തിക വിഷയത്തിൽ നോബൽ പ്രൈസ് ലഭിച്ച മൂന്നുപേരും ഇന്ത്യക്ക് ഈ വിഷയത്തിൽ മുന്നറിയിപ്പു നൽകിയിരിക്കുന്നു. ഇന്ത്യൻ സമ്പദ്വ്യവസ്ഥ മോശമായ രീതിയിൽ പൊയ്ക്കൊ

ജാമക്കാരൻ JAMAKKARAN

NOVEMBER - 2019

ണ്ടിരിക്കുന്നതായും ഇനി അതിനെ ശരിപ്പെടുത്താൻ ശ്രമിച്ചാലും ജയം ലഭിക്കുമെന്ന് സംശയമാണ് എന്നും എഴുതിയിരിക്കുന്നു.

നമ്മുടെ ഇന്ത്യൻ ധനകാര്യമന്ത്രി മിസിസ്സ് **നിർമ്മലാസീതാരാമൻ** അവർകളുടെ ഭർത്താവും ആന്ധ്രായിലെ വലിയ സാമ്പത്തിക വിദഗ്ദ്ധനും ആയ **ഭരകല പ്രഭാകർ** അവർകൾ പരസ്യമായി കാവിപാർട്ടിയായ ബി.ജെ.പി.ക്ക് മുന്നറിയിപ്പ് അറിയിച്ചിരിക്കുന്നത് "ഇന്ത്യ വളരെ മോശമായ സാമ്പത്തിക വീഴ്ചയിൽ അതിനെ ശരിപ്പെടുത്താൻ സാധിക്കാത്ത വിധത്തിൽ പൊയ്ക്കൊണ്ടിരിക്കുന്നു. ഇതിനു പ്രധാന കാരണം ബി.ജെ.പി ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ ആണ്." ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ഭർത്താവിനോടു ആലോചന ചോദിച്ചു പ്രവർത്തിച്ചിരുന്നാൽ ഒരു പക്ഷെ സ്വല്പമെങ്കിലും രക്ഷപ്പെടുത്താൻ സാധിക്കും.

മിസ്റ്റർ മോദി അവർകൾ ഒരു ലോകവൻശക്തി രാജ്യങ്ങളേയും വിരോധിക്കാത്ത തരത്തിൽ രാജതന്ത്രത്തോടെ ആ രാജ്യങ്ങളുടെ സ്നേഹം നേടുവാൻ ശ്രമിച്ചാലും തന്റെ സ്വന്ത രാജ്യത്തിനുള്ളിൽ ഉള്ള സാമ്പത്തിക നഷ്ടങ്ങളും നാശങ്ങളും ശ്രദ്ധിച്ചിട്ടേയില്ല.

ഇന്ത്യയിലുള്ള എല്ലാ പ്രധാന ഭരണാധികാരികളും, ഉദാ. **റിസർവ്വ് ബാങ്ക് തലവൻ, ചീഫ് ഇലക്ഷൻ കമ്മീഷണർ, ഹൈക്കോടതി, സുപ്രീംകോടതി, സി.ബി.ഐ, പ്രധാന ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ്** ഇതെല്ലാം **കാവി കക്ഷിയുടെ** നിയമന്ത്രണത്തിൽ എത്തിക്കഴിഞ്ഞു. ഇവർ പറയുന്നത് മുകളിൽ പറഞ്ഞ ഡിപ്പാർട്ടുമെന്റുകൾ അനുസരിക്കണം.

ഒരു ചെറിയ ഉദാഹരണം: ഇന്ത്യയിലെ യൂണിയൻ പ്രദേശമായ **സിക്കീമിന്റെ** ചീഫ് മിനിസ്റ്റർ **മിസ്റ്റർ പ്രേംസിങ്ങ് തമാംഗ്** ഭയങ്കര പണവെട്ടിപ്പു നടത്തിയതുകൊണ്ട് തെളിവു സഹിതം അദ്ദേഹം അകപ്പെട്ടു. ഒരുവർഷം ജയിൽ ശിക്ഷ ഹൈക്കോടതി വിധിച്ചതിനെത്തുടർന്ന് അദ്ദേഹം കോടതിക്ക് അപേക്ഷ വീണ്ടും നൽകി. അതിലും പരാജയപ്പെട്ടു, ജയിൽശിക്ഷ അനുഭവിച്ചു. പല വർഷങ്ങൾ മുഖ്യമന്ത്രി പദവിയിലിരുന്നു രുചിപിടിച്ച അദ്ദേഹത്തിന് ജയിൽ ശിക്ഷ സഹിക്കാൻ വയ്യാതെ പോയി. മാത്രമല്ല ആറുവർഷങ്ങൾ ഏതു ഇലക്ഷനിലും മത്സരിക്കാൻ കഴിയില്ലെന്ന് ഉറപ്പുവന്നു. ജയിലിലുള്ള തമാംഗിന്റെ പാർട്ടി ഭൂരിപക്ഷത്തോടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നു. ഈ ഇടക്കാല തിരഞ്ഞെടുപ്പിൽ മത്സരിച്ച് വീണ്ടും മുഖ്യമന്ത്രിയാകാൻ തമാംഗ് ആഗ്രഹിച്ചു. അതിനായി മുഖ്യ തെരഞ്ഞെടുപ്പുകമ്മീണർക്ക് അപേക്ഷ കൊടുത്ത് ഇലക്ഷൻ **നിയമത്തെ മാറ്റി** ആറുവർഷം എന്നുള്ളത് ഒരു വർഷമാക്കി.

ഈ സാഹചര്യത്തെ ബി.ജെ.പി ഉപയോഗിച്ചു. നേരത്തേ ഇന്ത്യയിലുള്ള എല്ലാ ജില്ലകളിലും ബി.ജെ.പി ഭരണം ഉണ്ടാകണം എന്നുള്ള ആഗ്രഹത്തിൽ പൊയ്ക്കൊണ്ടിരിക്കുന്ന കാവി കക്ഷിക്ക സിക്കീമിൽ കാൽ കുത്തുവാൻ ഈ അവസരത്തെ ഉപയോഗിച്ചു. അതിന് ജയിലിലുള്ള മുൻ മുഖ്യമന്ത്രി തമാംഗിന്റെ സഹായം ആവശ്യമായിരുന്നു. അതുകൊണ്ട് ഇലക്ഷൻ കമ്മീഷനെ ഉപയോഗിച്ച് തമാംഗിന്റെ അയോഗ്യത **ഒരുവർഷമായി കുറച്ചു**. അങ്ങനെ സിക്കീമിന്റെ അകത്ത് ബി.ജെ.പി.ക്ക് പ്രവേശിക്കുവാൻ സാധിച്ചു.

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷൻ എന്നുള്ളത് **സ്വയം ഭരണാവകാശമുള്ള** ഒരു പ്രത്യേക ബോഡിയാണ്. അത് സുപ്രീംകോടതിയെപ്പോലെ സ്വതന്ത്രമായി പ്രവർത്തിക്കേണ്ടതാണ്. പ്രധാനമന്ത്രിയോ ഗവൺമെന്റോ, ഇതിൽ ഇടപെടുവാൻ പാടില്ല. അങ്ങനെയുള്ള നല്ല നിയമം പഴയ മുഖ്യതെരഞ്ഞെടുപ്പു കമ്മീഷണർ ആയിരുന്ന **ടി.എൻ ശേഷനു**ശേഷം ഇല്ലാതായി. ഇപ്പോൾ എല്ലാപേരും ഗവൺമെന്റിനു അടിമകളായി. സിക്കീമിൽ നടന്ന ഈ അന്യായം ഇന്ത്യയിൽ ആരും ചൂണ്ടിക്കാണിച്ച് എതിർത്തില്ല.

- ☐ പഞ്ചാബ് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി **ബിന്ത്സിങ്ങ്** (BINTH SINGH) അവർകളെ **ബൽവന്ത്സിങ്ങ്** എന്ന ആൾ കൊന്നു. അയാൾക്ക് മരണശിക്ഷ വിധിച്ചു. ബി.ജെ.പി പാർട്ടിയോട് എഗ്രിമെന്റു ചെയ്തശേഷം മരണശിക്ഷ കൊടുക്കാതെ കൊലപ്പുള്ളി വെളിയിൽ സ്വതന്ത്രനായി നടക്കുന്നു. ഇതെങ്ങനെ സാധിച്ചു? കോടതിയെ ബി.ജെ.പി ക്കാർ സ്വാധീനിച്ചു. ഇന്ത്യ മുഴുവനും ഓരോരോ ജയിലിലും **വിചാരണത്തടവുകാരായി** ഒമ്പതുലക്ഷം പേർ കഴിഞ്ഞ 40 വർഷങ്ങളായി ജയിലിൽ അടച്ചിരിക്കുന്നു. തങ്ങൾ എന്തിനുവേണ്ടിയാണു ജയിലിൽ വന്നത് എന്തുകൊണ്ടാണ് 40 വർഷമായി അടച്ചിട്ടിരിക്കുന്നു എന്ന വിവരം അറിയാതെ ജീവിതകാലത്തിന്റെ പകുതി ജയിലിൽ കഴിഞ്ഞു എന്നു കരഞ്ഞുകൊണ്ടിരിക്കുന്നവർ ധാരാളംപേർ. പക്ഷെ മരണശിക്ഷാവിധി ലഭിച്ചവരും വെട്ടിപ്പുനടത്തി ജയിൽ ശിക്ഷ ഉറപ്പായവരും ധാരാളംപേർ ജയിലിനു പുറത്ത് സുഖം അനുഭവിച്ചു കൊണ്ടിരിക്കുന്നു. **എന്തൊരന്യായമാണിത്**.
- ☐ പല സ്ത്രീകളെ പീഡിപ്പിച്ച കേസിൽ ബി.ജെ.പി യുടെ മന്ത്രിയായ **ചിന്മയാനന്ദ** പിടിക്കപ്പെട്ടു ജയിലിലായി. ആ കേസ് ഇപ്പോൾ ഒന്നുമില്ലാതെയായി. പീഡിപ്പിക്കപ്പെട്ട പെൺകുട്ടിയുടെ കുടുംബക്കാരെ ഭീഷണിപ്പെടുത്തി വായടച്ചുവെച്ചിരിക്കുന്നു.

ഇങ്ങനെ ഇന്ത്യ മുഴുവനും കാവികക്ഷിയുടെ ക്രൂരതയായിട്ടുള്ള കളി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വളരെ വേഗത്തിൽ **ഹിന്ദുത്വം, മതം മാറ്റബിൽ** ഇന്ത്യ മുഴുവനും നടപ്പിൽ വരാൻ സാദ്ധ്യതയുണ്ട്. അങ്ങനെ സംഭവിച്ചാൽ സുവിശേഷവേല, മിഷനറിവേല, പള്ളി ആരാധന എല്ലാം തടയുന്ന കാലം വളരെ ദൂരത്തിലല്ല.

ഇപ്പോൾതന്നെ ചെറിയ ചെറിയ സഭകളെല്ലാം ഒരു വലിയ സഭയുടെ **ബിഷപ്പിന്റെ കീഴിൽ** ആകണം എന്നുള്ള നിയമം വരാൻ പോകുന്നു. ആ ബിഷപ്പിനെ നിയന്ത്രിക്കുന്നതു **ഗവൺമെന്റായിരിക്കും**. അതുകൊണ്ടു ധാരാളം പേർ ബിഷപ്പായിക്കൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ ജനങ്ങൾക്ക് ഉണ്ടായിരുന്ന അവസാന പ്രതീക്ഷ **ഹൈക്കോടതിയും സുപ്രീംകോടതിയും** ആണ്. ആ പ്രതീക്ഷ നശിച്ചുപോകുന്ന വിധത്തിൽ വരുന്ന വാർത്തകൾ നാമെല്ലാപേരും ചേർന്ന് പ്രാർത്ഥിക്കാൻ പ്രേരിപ്പിക്കുന്നു. ഭരിക്കുന്ന പാർട്ടിക്ക് അനുസരണ കാണിക്കാത്ത **ജഡ്ജിമാർ അപകടങ്ങളിൽ കൊല്ലപ്പെടുന്നു**. ഇത് മറ്റ് ജഡ്ജിമാർക്ക് മുന്നറിയിപ്പാണ്. ലോകത്തിന്റെ അവസാനത്തിലേക്ക് നാം എത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ അടയാളങ്ങളാണ് ഇപ്പോൾ സംഭവിക്കുന്നത്.

ക്രിസ്തീയസഭകൾ ക്രിസ്തുവിന്റെ സ്നേഹം മറന്ന് സഭകളിൽ സമാധാനമില്ലാതെ ആരാധിച്ചുകൊണ്ടിരിക്കുന്നു. തമിഴ്നാട്ടിൽ **തിരുനെൽവേലി സി.എസ്.ഐ ഡയോസിസിനെ** മധുര ഹൈക്കോടതി ഏറ്റെടുത്തു. റിട്ടെയേർഡ് ജഡ്ജിമാർ 1. ബഹു. **ജസ്റ്റിസ് പോൾ വസന്തകുമാർ** (ഇദ്ദേഹം ജമ്മുകാശ്മീർ ഹൈക്കോടതി ചീഫ് ജഡ്ജ് ആയിരുന്നു റിട്ടേർഡ് ആയി). 2. ബഹു. **ജസ്റ്റിസ് ഡോ. ജ്യോതിമണി** (മദ്രാസ് ഹൈക്കോടതി ചീഫ് ജഡ്ജി ആയിരുന്നു റിട്ടേർഡ് ആയി). ഈ രണ്ടു ചീഫ് ജഡ്ജിമാരെ സഹായിക്കാൻ വേണ്ടിയും ഡയോസിസ് അഡ്മിനിസ്ട്രേഷൻ ജോലികൾക്കു ചുമതല ഏറ്റെടുത്തവർ ഡയോസിസ് ഓഫീസിൽ വന്നിരുന്നു കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അതിലെ രണ്ട് ജഡ്ജിമാർ എല്ലാ സഭകളിലേയും കണക്കുകൾ ഒരു ഓഡിറ്ററിനെക്കൊണ്ട് പരിശോധിച്ചുകൊണ്ടിരിക്കുന്നു. അച്ചന്മാർ ഹൈന്ദവ ജഡ്ജിമാരുടെ കൈകളിൽ നിന്ന് ശമ്പളം വാങ്ങുന്നു. കഴിഞ്ഞ ആഴ്ച രണ്ടു സംഭവങ്ങൾ നടന്നു. ഡയോസിസ് ഓഫീസിൽ ജഡ്ജിമാർ ഇരിക്കെ ഒരച്ചൻ ഉള്ളിൽ കേറി എന്തോ അപേക്ഷ നൽകി. ജഡ്ജി ചോദിച്ചു താങ്കൾ ആരാണ്? ഞാൻ ഈ ഡയോസിസിലെ ഒരച്ചനാണ് എന്നു പറഞ്ഞു. താങ്കളുടെ **ഐ.ഡി** എവിടെ എന്നു ചോദിച്ചു. അദ്ദേഹം



*Cond.... 33 page*

# അന്യഭാഷാകുഴപ്പം

3

**ഒരു ജാമക്കാരൻ പ്രസിദ്ധീകരണം**

(*പ്രസാധകൻ : **Dr.** പുഷ്പരാജ്,* സേലം–5)

**പ്രസാധക കുറിപ്പ്**



*പ്രസാധകൻ :*
***Dr.* പുഷ്പരാജ്**

കഴിഞ്ഞ മാസികയിൽ രണ്ടാം അദ്ധ്യായത്തിന്റെ അവസാനം നിങ്ങൾ വായിച്ചതുപോലെ ദൈവം മനുഷ്യനോട് സംസാരിക്കുവാൻ ആഗ്രഹിക്കുന്നത് അവരവരുടെ ഭാഷയിൽ ആണ്. കഴുത തന്റെ യജമാനനായ പ്രവാചകനോട് സംസാരിച്ചത് എബ്രായഭാഷയിലാണ്. ദൈവം ആണ് ആ കഴുതയെ സംസാരിപ്പിച്ചത്. ഓരോരോ മൃഗത്തിനും അതതിന്റെ ഭാഷയുണ്ട്. പക്ഷികൾ ആകട്ടെ, മൃഗങ്ങൾ ആകട്ടെ അവരവരുടെ ഭാഷകളിൽ സംസാരിക്കും. പക്ഷെ കർത്താവ് പ്രവാചകനോട് സംസാരിക്കുവാൻ കഴുതയെ ഉപയോഗിച്ചപ്പോൾ പ്രവാചകന്റെ എബ്രയാഭാഷയിൽ സംസാരിച്ചു മുന്നറിയിപ്പുനൽകി.

പൌലൂസ് അപ്പോസ്തലനോട് ദൈവം രക്ഷിക്കപ്പെടുന്നതിന് മുമ്പ് സംസാരിച്ചപ്പോൾ, കണ്ണ് നഷ്ടപ്പെട്ടു വഴിയിൽ വീണ അവസ്ഥയെക്കുറിച്ചു പൌലൂസ് അപ്പോസ്തലൻ വിവരിക്കുമ്പോൾ ദൈവം എന്നോട് **എബ്രായ ഭാഷയിൽ** സംസാരിച്ചു എന്ന് വ്യക്തമായി പറയുന്നത് നാം ശ്രദ്ധിക്കണം.

ഇങ്ങനെയാണ് ദൈവം അവരവരുടെ ഭാഷയിൽ മനുഷ്യനോട സംസാരിക്കുന്നത് എന്നു നമുക്ക് വ്യക്തമാകുന്നത്. അതുപോലെ നാം ദൈവത്തോടു സംസാരിക്കുമ്പോൾ നാം നമ്മുടെ **മാതൃഭാഷ**യിൽ സംസാരിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നു. ടി.വി യിൽ പ്രസംഗിക്കുന്ന പ്രാസംഗികർ, സഭയിൽ പ്രസംഗിക്കുമ്പോൾ ഇടക്കിടെ അന്യഭാഷയിൽ, ജനങ്ങൾക്കു മനസ്സിലാകാത്ത ഭാഷയിൽ സംസാരിക്കുന്നതിന്റെ ഉദ്ദേശം എന്താണ്? തനിക്കു പരിശുദ്ധാത്മാവുണ്ട് എന്ന് സഭാജനങ്ങൾ അറിയാൻ വേണ്ടിയാണ് അങ്ങനെ സംസാരിക്കുന്നത്.

ഈ അന്യഭാഷയിൽ നിന്നാണ് പല കള്ള ഉപദേശങ്ങളും പ്രവചനങ്ങളും പുറപ്പെടുന്നത്. ഇവരുടെ **അന്യഭാഷ വ്യാജമായതു**കൊണ്ട് അവർ പറയുന്ന പ്രവചനവും വ്യാജം തന്നെ.

കഴിഞ്ഞ ഇലക്ഷനിൽ മിസ്റ്റർ മോഡി തോല്ക്കും എന്നു എത്രപേർ പ്രവചനം പറഞ്ഞു. സഹോ. മോഹൻ സി. ലാസറസ് എന്ന തമിഴ്നാട് ദൈവവേലക്കാരൻ, സഹോ. ദിനകരന്റെ മകൻ പോൾ ദിനകരൻ ഇനിയും പല പാസ്റ്റർമാരും മോദി തോല്ക്കും എന്നു പ്രവചനം പറഞ്ഞു. സംഭവിച്ചതു നാം എല്ലാപേർക്കും അറിയാമല്ലോ. മുൻപത്തെക്കാൾ ഭൂരിപക്ഷത്തോടെ മോദി ജയിച്ചു. പറഞ്ഞ പ്രവചനം എന്തായി? ദൈവം പറയുന്നതായാൽ അത് തെറ്റാകുമോ? ചിലപ്പോൾ ദൈവം പറഞ്ഞത് അങ്ങനെ സംഭവിക്കാതെയും പോകും.

ഹിസ്കിയാരാജാവ് **മരിക്കും** എന്നു പ്രവാചകനോട് പോയിപറയുവാൻ ദൈവം കല്പിച്ചു. പറഞ്ഞ പ്രവാചകൻ കൊട്ടാരത്തിൽ നിന്നും വെളിയിൽ വരുമുമ്പേ ദൈവം തന്നെ ആ പ്രവചനത്തെ മാറ്റി ഹിസ്കിയാരാജാവ് എന്നോടു നിലവിളിച്ചു കരഞ്ഞു പ്രാർത്ഥിച്ചു ആയുസ്സു നീട്ടിത്തരുവാൻ അപേക്ഷിച്ചു. മരിക്കും എന്നു പറഞ്ഞ നീ തന്നെ അവൻ **മരിക്കുന്നില്ല** എന്നുപോയി പറയുക, ഇതാണ് ദൈവത്തിന്റെ പ്രവർത്തി. പക്ഷെ തമിഴ്നാട്ടിൽ മോദി തോല്ക്കും എന്നു പറഞ്ഞ വ്യക്തികൾ കേരളത്തിലും മോദി തോല്ക്കും

എന്നു പറഞ്ഞ ദൈവവേലക്കാർ ഇലക്ഷൻ റിസൾട്ടു വരുന്നതിനുമുമ്പേ മോദി ജയിക്കും എന്നു കർത്താവ് പറഞ്ഞു എന്നു പറഞ്ഞിരിക്കണം. അതുകൊണ്ടു വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ ഇവരെല്ലാം കള്ള പ്രവാചകൻമാർ എന്നും **വ്യാജ ദൈവവേലക്കാർ** എന്നും നമുക്കും പറയുവാൻ സാധിക്കും. ഈ സംഭവത്തെ ഞാൻ പറയാൻ  കാരണം ഈ കള്ള പ്രവചനം പറയാൻ പ്രധാനകാരണം ഇവർ സംസാരിക്കുന്ന കള്ള അന്യഭാഷയാണ്. പറഞ്ഞ ഭാഷ കള്ളമായതുകൊണ്ട് പറഞ്ഞ പ്രവചനവും കള്ളമായിട്ടുതന്നെ മാറുന്നു.

**അന്യഭാഷയെക്കുറിച്ച് ഞാൻ ഇനിയും വചന അടിസ്ഥാനത്തിൽ വ്യാഖ്യാനം പറഞ്ഞിട്ടില്ല**

അന്യഭാഷയുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങൾക്കു ഇപ്പോൾ ഞാൻ മറുപടി പറയാൻ ആഗ്രഹിക്കുന്നു.

**ചോദ്യം :** ഞങ്ങളുടെ സഭയിൽ പ്രാർത്ഥനയിൽ ആത്മാവിൽ നിറഞ്ഞ് സഭാജനങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഒരുവ്യക്തി വിദ്യാഭ്യാസമില്ലാത്ത കൂലിപ്പണിചെയ്യുന്ന ഒരു വിശ്വാസി പെട്ടന്ന് **എബ്രായഭാഷ**യിൽ അന്യഭാഷ സംസാരിച്ചു. അതുകേട്ട് സഭ നിശബ്ദമായി. ആ സമയത്ത് സഭയിലുള്ള മറ്റൊരാൾ അദ്ദേഹം പറഞ്ഞ എബ്രായഭാഷയെ **തർജ്ജമ ചെയ്തു** പറഞ്ഞു. തർജ്ജമ ചെയ്തു കഴിഞ്ഞ ഉടൻ സഭാജനങ്ങൾ വളരെ സന്തോഷത്തോടും ആവേശത്തോടും കയ്യടിച്ചു അർപ്പിട്ടു. ഞങ്ങളുടെ സഭയിൽ ഇതുവരെ ആരും എബ്രായഭാഷയിൽ സംസാരിച്ചിട്ടില്ല. അതുകൊണ്ടു ഞങ്ങൾക്കു വളരെ സന്തോഷം ഉണ്ടായി. ഡോക്ടർ ഇതിനെക്കുറിച്ചു എന്തു പറയുന്നു. അദ്ദേഹം പറഞ്ഞത് അന്യഭാഷ അല്ലേ?

അതേപോലെ AOG സഭാവിശ്വാസി തന്റെ സഭയിൽ പ്രാർത്ഥന സമയത്തു കൈകൾ അടിച്ചു തുള്ളിച്ചാടി നല്ല ഇംഗ്ലീഷിൽ സംസാരിച്ചു. അദ്ദേഹത്തിനു ഇംഗ്ലീഷ് അറിയില്ല. തൊട്ടടുത്തിരുന്ന ഞാൻ ഇംഗ്ലീഷിൽ M.A ബിരുദം നേടിയവനാണ്. അദ്ദേഹം തെറ്റില്ലാതെ ഇംഗ്ലീഷിൽ സംസാരിച്ചതു

എനിക്കുതന്നെ ആശ്ചര്യമായി. ഇതിനെക്കുറിച്ച് ഡോക്ടറുടെ അഭിപ്രായം എന്ത്?

**മറുപടി**: ഇങ്ങനെ ഇ-മെയിൽ വഴിയായി ധാരാളം കത്തുകൾ എനിക്കു വന്നെത്തിയിട്ടുണ്ട്. ഈ ചോദ്യം ചോദിച്ച നിങ്ങൾതന്നെ ഒരു ചോദ്യം ചോദിച്ചുനോക്കുവിൻ. നിങ്ങളുടെ സഭയിൽ ആരെങ്കിലും ഒരാൾ എബ്രായഭാഷയിൽ സംസാരിക്കുന്നത് ഉണ്ടായിരുന്നോ? ദൈവം ആ വ്യക്തിയെ എന്തുകൊണ്ട് എബ്രായഭാഷയിൽ സംസാരിപ്പിക്കണം? ആ എബ്രായഭാഷയുടെ വ്യാഖ്യാനം കൊടുത്ത വ്യക്തി കോളേജ പ്രൊഫസർ ആണ്. എബ്രായഭാഷ അദ്ദേഹത്തിനു നന്നായി അറിയാം. അതുകൊണ്ടാണ് അദ്ദേഹം ആ ഭാഷയെ തർജ്ജമ ചെയ്തത്.

സഭാജനങ്ങളായ നിങ്ങളെല്ലാവരും തമിഴ് ഭാഷയിലും മലയാള ഭാഷയിലും ആരാധന നടത്തിക്കൊണ്ടിരിക്കുമ്പോൾ എബ്രായഭാഷയിൽ ദൈവം എന്തുകൊണ്ട് സംസാരിക്കണം? സഭയ്ക്കു അതിൽ എന്തു പ്രയോജനം ഉണ്ടായിരുന്നു? എഴുതിയ കത്തിൽ ഇതിനുള്ള മറുപടി നിങ്ങൾ എഴുതിയിട്ടില്ല. പ്രൊഫസറായ നിങ്ങൾ ആ എബ്രായഭാഷയെ തർജ്ജമ ചെയ്തു നിങ്ങളുടെ മനസ്സാക്ഷി പ്രകാരം നിങ്ങൾ പറഞ്ഞ ഈ വിഷയം വിശ്വസിക്കുവാൻ തക്കവണ്ണം ഉണ്ടോ? ആ സഭയിൽ ആ വ്യക്തി സംസാരിച്ച ഭാഷ, എബ്രായ്ഭാഷ അറിഞ്ഞ നിങ്ങൾക്ക് ദൈവം തന്ന ആലോചനയാണോ? സഭയ്ക്ക് നൽകിയ ആലോചനയാണോ? ഇതിനെക്കുറിച്ചു ഞാൻ പറയണമെങ്കിൽ വിദ്യാഭ്യാസമില്ലാത്ത ആ വ്യക്തി സംസാരിച്ച എബ്രായഭാഷയും **സത്യമല്ല**. അതു തർജ്ജമ ചെയ്തു നിങ്ങളുടെ തർജ്ജമയും സത്യമല്ല. പരിശുദ്ധാത്മാവു മണ്ടനല്ല. ആവശ്യമില്ലാത്ത സ്ഥലത്തിൽ ആവശ്യമില്ലാത്ത ഭാഷയിൽ ദൈവം ഇങ്ങനെ ഒരിക്കലും സംസാരിക്കുന്നില്ല എന്നാണ് എന്റെ അഭിപ്രായം.

അടുത്ത വ്യക്തിയുടെ കത്തിന്റെ വിവരവും ഏകദേശം നിങ്ങളുടെ കത്തിന്റെ വിവരംപോലെ തന്നെ. **ഇംഗ്ലീഷ്** അറിയാത്ത ഒരാൾ നല്ല ഇംഗ്ലീഷിൽ

സംസാരിച്ചു എന്നു എഴുതിയിരിക്കുന്നു. ഇതും മുൻപിലത്തെ കഥപോലെ ഉള്ളതുതന്നെ.

ഇതെല്ലാം ഒരു വക്കീൽ തന്റെ കക്ഷി കുറ്റം ചെയ്തിട്ടില്ല എന്നു തെളിയിക്കാൻ ഉപയോഗിക്കുന്നതുപോലെയാണ്. അന്യഭാഷ ഉണ്ട് എന്ന് **തെളിയിക്കാൻ** നിങ്ങൾ എല്ലാപേരും ശ്രമിക്കുന്നു എന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

**ചോദ്യം:- അന്യഭാഷ സംസാരിക്കുന്നത് തടയരുത്** എന്ന് പൌലൂസ് സൂചിപ്പിച്ചിരിക്കുന്നല്ലോ? (1 കൊരി 14:39)

**മറുപടി** : നേരത്തേ ഞാൻ സൂചിപ്പിച്ചതു നിങ്ങളെ ഓർമ്മപ്പെടുത്തി കൊള്ളുന്നു. ഈ വചനം ആർക്കുവേണ്ടിയാണ് പറയപ്പെടുന്നത് എന്നു ശ്രദ്ധിക്കണം. ഇതു കൊരിന്ത് സഭയിൽ ഉള്ള **16 ഭാഷക്കാർ** അടങ്ങിയ സഭയ്ക്കുവേണ്ടി മാത്രം പറയപ്പെട്ടതാണ്. യഹൂദന്മാർ ഭൂരിപക്ഷം ഉള്ള ആ സഭയിൽ **പുറജാതികളും** മറ്റു **ഭാഷക്കാരും** ചേർന്ന് ആരാധിച്ചുകൊണ്ടിരുന്നു. മറ്റു ഭാഷക്കാർ **സാക്ഷിപറയാനോ, വചനത്തെക്കുറിച്ച് ചോദ്യം ചോദിക്കാനോ** ആഗ്രഹിച്ചാൽ അവർക്ക് അവസരം കൊടുക്കാതെ, പ്രാധാന്യം കൊടുക്കാതെ അവരെ തഴഞ്ഞിരിക്കണം. അങ്ങനെയുള്ള സാഹചര്യത്തിൽ മറ്റുഭാഷ (അന്യഭാഷ) സംസാരിക്കുന്നവരെ തടയരുത് എന്ന് പൌലൂസ് അപ്പോസ്തലൻ ആലോചന പറയുന്നു. ഇതു പരിശുദ്ധാത്മാവിൽ നിറഞ്ഞു സംസാരിക്കുന്ന ഭാഷ എന്നു എല്ലാപേരേയും തെറ്റിദ്ധരിപ്പിച്ചു കൊണ്ടിരിക്കുന്നു. അതു ഭാഷയേ അല്ല.

**ചോദ്യം:-** അന്യഭാഷ ഇപ്പോഴുള്ള സഭയ്ക്കു കൊടുക്കപ്പെട്ടതല്ല എന്ന എഴുതിയിരിക്കുന്നല്ലോ, ദൈവവചനം എല്ലാ കാലത്തിനും യോജിച്ചതാണ്. പുതിയ നിയമത്തിൽ പറഞ്ഞ എല്ലാ കാര്യങ്ങളും എല്ലാ കാലത്തിനും യോജിച്ചതാണ്. അങ്ങനെ ആയിരിക്കുമ്പോൾ പുതിയ നിയമത്തിൽ

പറഞ്ഞിരിക്കുന്ന ചില വചനങ്ങൾ മാത്രം അതു നമുക്കുള്ളത് എന്ന് എങ്ങനെ എടുക്കാൻ സാധിക്കും?

**മറുപടി** :- നിങ്ങൾ സൂചിപ്പിച്ചതുപോലെ വേദവചനം എല്ലാ സഭയ്ക്കും എല്ലാ കാലത്തും യോജിച്ചതാണ്. ഉദാഹരണമായി **ബാലജനപങ്കാളിത്ത പദ്ധതി** (യേശു വിളിക്കുന്നു) ദൈവവചനത്തിനു യോജിച്ചതല്ല. അത് ആരും പിൻതുടരരുത് എന്നുമാത്രം ഞാനെന്റെ മാസികയിൽ എഴിതിയിരുന്നാൽ അത് ആരെക്കുറിച്ചോ ഡോക്ടർ എഴുതിയിരിക്കുന്നു എന്നു പലർ വിചാരിക്കും. അതേ സമയം യേശു വിളിക്കുന്നു സഹോ. D.G.S ദിനകരൻ അവർകൾ ഒരു കുഞ്ഞിനു 2000/- വാങ്ങി പ്രാർത്ഥിക്കാൻ കർത്താവ് പറഞ്ഞു എന്ന് പരിചയപ്പെടുത്തി അപ്പോൾ ഞാൻ എഴുതി പ്രാർത്ഥിക്കാൻ വേണ്ടി 2000/- രൂപ വാങ്ങാൻ കർത്താവ് ഒരിക്കലും പറയത്തില്ല. അത് പ്രാർത്ഥനയെ വിലക്ക് വിൽക്കുന്ന വ്യാപാരം എന്നു ഞാൻ സൂചിപ്പിച്ചെഴുതിയത് കൊണ്ട് ഒത്തിരിപ്പേർ അത് വാസ്തവം തന്നെ അത് ദിനകരൻ പരിചയപ്പെടുത്തിയതാണ്. ആദ്യം ഡോക്ടർ എഴുതിയപ്പോൾ വേറെ ആരെക്കുറിച്ചോ ഡോക്ടർ എഴുതിയതായി തെറ്റിദ്ധരിച്ചു വ്യക്തിയുടെ പേരും സ്ഥാപനത്തിന്റെ പേരും എഴുതിയതുകൊണ്ടാണ് പലർക്ക് അത് മനസ്സിലായതു. ഇന്നും പലർ ട്യൂബ് ലൈറ്റ് മാതിരി തന്നെ നില്ക്കുന്നു.

അതുപോലെ പുതിയ നിയമത്തിൽ എഴുതപ്പെട്ടതു എല്ലാകാലത്തും യോജിക്കും പക്ഷേ അതു എല്ലാപേർക്കും യോജിക്കുന്നില്ല. അതുകൊണ്ടാണു പൗലോസ് അപ്പോസ്തലൻ 1 കൊരി. 2:13 ൽ ഞങ്ങളോ മനുഷ്യജ്ഞാനത്തിൽ ഇതു ഉപദേശിക്കാതെ പരിശുദ്ധാത്മാവു മുഖാന്തരമായി ആത്മീകമായതു ആത്മീകമായതോടു (ആത്മീകമായവർക്കു-മലയാളം) താരതമ്യപ്പെടുത്തി കാണിക്കുന്നു എന്നു പറയുന്നു. എന്നാൽ വേദപുസ്തകത്തിൽ അത്മീകം അല്ലാത്ത വിഷയങ്ങൾ ധാരാളം ഉണ്ട് അതു ഞങ്ങൾ എടുത്തു പറയാതെ ആത്മീയമായതു മാത്രം തിരഞ്ഞെടുത്തു ആത്മീക വചനങ്ങളോടു താരതമ്യപ്പെടുത്തി കാണിക്കുന്നു എന്നു പൗലോസ് പറയുന്നു അതുകൊണ്ട്

പുതിയ നിയമപുസ്തകത്തിൽ നിന്ന് നിങ്ങളുടെ ആത്മാവിനു പ്രയോജനമായതു മാത്രം എടുത്തു ധ്യാനിച്ചു ആത്മീക ജീവിതത്തെ വളർത്തുവിൻ .

കൊരിന്തു സഭയിൽ ഉള്ള ഭാഷാ പ്രശ്നം വേറെ ഒരു സഭയിലും ഇല്ലാത്തതുകൊണ്ട് മറ്റ് എതു ലേഖനത്തിലും അന്യഭാഷയെക്കുറിച്ച് പൗലോസോ, മറ്റുശിഷ്യന്മാരോ സൂചിപ്പിച്ചിട്ടില്ല.

**ചോദ്യം:-** പെന്തെക്കോസ്തു സഭയിൽ സംസാരിക്കുന്ന അന്യഭാഷ വ്യാജമായത് എന്ന് നിങ്ങൾക്ക് എങ്ങനെ പറയാൻ സാധിക്കും. ലോകത്തിൽ ഏതോ ഒരു മൂലയിൽ ആരോ സംസാരിക്കുന്ന ഭാഷയായിരിക്കാമല്ലോ?

**മറുപടി:-** നിങ്ങളുടെ ചോദ്യത്തിൽ നിന്നുതന്നെ നിങ്ങളുടെ അറിവില്ലായ്മ എത്ര എന്ന് മനസ്സിലാകുന്നു. ലോകത്തിൽ എവിടെയോ ഒരു മൂലയിൽ ജീവിക്കുന്ന ഏതോ ഒരു വ്യക്തി സംസാരിക്കുന്ന ഒരു ഭാഷയെ എന്തുകൊണ്ടു സാറേ നിങ്ങളുടെ സഭയിൽ സംസാരിക്കണം? ഒരേ ഭാഷയിൽ ആരാധന നടത്തിക്കൊണ്ടിരിക്കുമ്പോൾ ലോകത്തിന്റെ അറ്റത്തിരിക്കുന്ന ആളോട് എങ്ങനെ സംസാരിക്കുവാൻ സാധിക്കും. അതു വായ് കുഴഞ്ഞു സംസാരിക്കുന്ന ഭാഷ എന്നു ഞാൻ പറയുന്നതിൽ തെറ്റുണ്ടോ? അതുകൊണ്ടു അന്യഭാഷ വിഷയത്തിൽ നിങ്ങളുടെ സഭയിൽ സംസാരിക്കുന്നതു ശ്രദ്ധിക്കുക. പക്ഷെ നിങ്ങൾ അന്യഭാഷയെ സംസാരിക്കാതെ നിങ്ങളെ സൂക്ഷിച്ചുകൊള്ളുക.

**ചോദ്യം:-** അന്യഭാഷ ഇന്നത്തെ സഭക്കു കൊടുക്കപ്പെട്ടിട്ടില്ല എന്ന് നിങ്ങൾ പറയുന്നു. അതേ സമയം അന്യഭാഷ ഇപ്പോഴും ഉണ്ട് എന്ന് എഴുതിയിരിക്കുന്നു. ഇതു തമ്മിൽ **നേർ വിപരീതം** എന്ന് നിങ്ങൾക്കു തോന്നുന്നില്ലയോ? ഇതിൽ ഞങ്ങൾ ഏതാണ് വിശ്വസിക്കേണ്ടത്?

**മറുപടി:-** ചോദ്യത്തിലുള്ള രണ്ടു വിഷയങ്ങളും നിങ്ങൾ വിശ്വസിക്കാൻ പാടില്ല. പക്ഷെ ഇതു നേർ വിപരീതവും അല്ല. ഇന്നത്തെ സഭയക്ക് അന്യഭാഷ കൊടുക്കപ്പെട്ടിട്ടില്ല എന്നുള്ളതു **സത്യം തന്നെ** അതേസമയം ഇപ്പോൾ

അന്യഭാഷ വ്യക്തിപരമായ ആളുകൾ മൂലം പ്രവർത്തിക്കുന്നു എന്നുള്ളതും **സത്യം തന്നെ.**

- യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരാൾ തോമസ് അവർകൾ, അദ്ദേഹത്തെയാണ് യേശുക്രിസ്തു ഇന്ത്യയിലേക്ക് അയക്കാൻ പദ്ധതിയിട്ടിരുന്നത്. അങ്ങനെ തോമസ് കപ്പൽ കയറി ഇന്ത്യയിൽ കേരള സംസ്ഥാനത്തിൽ ഉള്ള **കൊടുങ്ങല്ലൂർ** എന്ന സ്ഥലത്തിൽ ഇറങ്ങി. ആരുടെ വീട്ടിലും അദ്ദേഹത്തെ സ്വീകരിച്ചില്ല. ഭാഷ അറിയാത്തതുകൊണ്ടും വിദേശി ആയതുകൊണ്ടും ആരും അദ്ദേഹത്തെ സ്വീകരിച്ചില്ല. അടുത്ത് ഒരു ക്ഷേത്രം ഉണ്ടായിരുന്നു. അതിന്റെ നടുക്ക് ഒരു കുളം ഉണ്ടായിരുന്നു. ആ കുളത്തിന്റെ അടുത്തുള്ള കൽത്തറയിൽ കിടന്നുറങ്ങി. പിറ്റേ ദിവസം അതിരാവിലെ നമ്പൂതിരിമാർ സൂര്യസമസ്കാരം ചെയ്യുവാൻ കുളത്തിൽ ഇറങ്ങി. ഇടുപ്പളവ് വെള്ളത്തിൽ മുങ്ങിയ ശേഷം സൂര്യനെക്കാണുന്നതുവരെ മന്ത്രങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. സൂര്യനെ കണ്ട ഉടൻ ശ്ലോകങ്ങളെയും മന്ത്രങ്ങളെയും പറഞ്ഞ് വെള്ളം കൈയ്യിൽ എടുത്ത് സൂര്യനെ തൊഴുതു. ഇതുകണ്ട തോമസിന് അവരുടെ പ്രവർത്തനങ്ങളിൽ മനോവിഷമവും ഭാരവും ഉണ്ടായി. നശിച്ചുപോകുന്ന (സൂര്യനെ) സൃഷ്ടിയെ നോക്കി ഇവർ പ്രാർത്ഥിക്കുന്നല്ലോ? ഇതിനെ സൃഷ്ടിച്ചവനെ ഇവർ അറിയുന്നില്ലല്ലോ എന്ന മനോഭാരം ഉണ്ടായി. ഭാഷ അറിയാത്ത സ്ഥിതിയിൽ ദൈവത്തോടു പ്രാർത്ഥിച്ചു. കർത്താവേ അഖിലചരാചരങ്ങളേയും ഉണ്ടാക്കിയവനേ ഈ ജനങ്ങൾക്ക് വേണ്ടിയും നീ ക്രൂശിക്കപ്പെട്ടല്ലോ. ഇവർക്കു സൃഷ്ടികർത്താവായ നിന്നെ അറിയിക്കാൻ അന്യഭാഷ വരംതാ എന്ന് പ്രാർത്ഥിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവ് തോമസിൽ പ്രവർത്തിക്കാൻ തുടങ്ങി. ഉടനേ തോമസ് ശബ്ദം ഉയർത്തി മലയാള ഭാഷയിൽ അവരെ വിളിച്ചു. ഈ സൂര്യൻ നശിച്ചുപോകും. സൂര്യനെ നമസ്കരിച്ചിട്ടു പ്രയോജനമില്ല. ഇതേ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും ഉണ്ടാക്കിയ ഒരുത്തൻ ഉണ്ട്. അവനെ അറിയിക്കാനായി, അവനാൽ അയയ്ക്കപ്പെട്ടു ഇവിടെ ഞാൻ

വന്നു. അദ്ദേഹത്തിന്റെ പേരു യേശുക്രിസ്തു എന്നു പറഞ്ഞു. അവിടെ ഒരുവലിയ അത്ഭുതം സംഭവിച്ചു. വിവരിക്കാൻ സമയമില്ല.

ആ അത്ഭുതത്തെകണ്ട നമ്പൂതിരികൾ (ബ്രാഹ്മണർ) കുടുംബമായി യേശുക്രിസ്തുവിനെ കുലദൈവമായി സ്വീകരിച്ചു. അവരാണ് കേരളത്തിൽ ഓർത്തഡോക്സ് ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെടുന്നത്. ഇങ്ങനെയാണ് ആദ്യത്തെ ക്രിസ്തലനിത്വം ഇന്ത്യയിൽ (കേരളത്തിൽ) ഉണ്ടായത്.

ഇപ്പോൾ ചോദ്യം എന്തെന്നാൽ തോമസ് കപ്പലിൽ നിന്ന് കേരളത്തിൽ ഇറങ്ങിയ ഉടൻ സുവിശേഷം എങ്ങനെ അറിയിച്ചു. മലയാളഭാഷ പഠിക്കാൻ അപ്പോൾ സമയമില്ലല്ലോ? വന്ന് ഇറങ്ങിയ ആ സാഹചര്യത്തിൽ ഉടൻ തന്നെ സുവിശേഷം അറിയിക്കേണ്ട ധൃതി ഉണ്ടായി. ആ അവസരത്തെ ഉടൻതന്നെ താമസമില്ലാതെ ഉപയോഗപ്പെടുത്താൻ ആഗ്രഹിച്ചു പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവ് സഹായിച്ചു. തെറ്റുകൂടാതെ മലയാളത്തിൽ ഒരു വലിയ അത്ഭുത പ്രവൃത്തിയോടു കൂടെ പൂർണ്ണ സുവിശേഷത്തെയും അറിയിച്ചു. ഇത് എങ്ങനെ സാധിച്ചു. ഇതുതന്നെ പരിശുദ്ധാത്മാവ് കൊടുത്ത **ഭാഷാവരം** കൊണ്ട് ഒരു ഗ്രാമം മുഴുവനും യേശുവിനെ സ്വീകരിച്ചു. മലയാള ഭാഷ പഠിക്കാൻ സമയമില്ല. അതുകൊണ്ടു പരിശുദ്ധാത്മാവ് ഭാഷാവരം നൽകി സഹായിച്ചു. അതുകൊണ്ടാണു ഞാൻ പറയുന്നതു ഇപ്പോഴും ഭാഷാവരം ഉണ്ട്. വിവിധ ദേശങ്ങളിലും ഇന്ത്യയിലും ആ ഭാഷാവരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

**ഞാൻ നേരിൽക്കണ്ട ഭാഷാവര സംഭവം**

ഏകദേശം 35 വർഷങ്ങൾക്കു മുൻപ് ആന്ധ്രാ സംസ്ഥാനത്തിൽ ഞാൻ ദൈവവേലക്കായി ചെന്നപ്പോൾ പകൽ യോഗത്തിൽ ഒരു മിലിട്ടറി ഓഫീസറും ഭാര്യയും സ്റ്റേജിൽ കയറി അവരുടെ സാക്ഷി പറഞ്ഞു. അത് ഒരു സഹോദരി തെലുങ്കിൽ തർജ്ജമ ചെയ്തു. ആ മിലിറ്ററി ഓഫീസർ ഒരു വലിയ കുടിയനാണ്. മാത്രമല്ല കുടിച്ച് ഭാര്യയെ ക്രൂരമായി തല്ലും. ഒരു പ്രാവശ്യം അങ്ങനെ

തല്ലിയതുകൊണ്ടാണ് അബോർഷൻ ഉണ്ടായത്. ദിവസവും ഈ ഉപദ്രവം സഹിക്കാൻ കഴിയാതെ സഹോദരി ഒരു ദിവസം തന്റെ അമ്മയുടെ വീട്ടിൽ പോയി. അമ്മയുടെ വീട്ടിലും എല്ലാ പേരും സഹോദരിയോടു വഴിക്കുണ്ടാക്കി. അവളുടെ താഴെ നാല് സഹോദരിമാർ ഉണ്ട്. നിന്നെ കെട്ടിച്ചുകൊടുക്കാൻ വാങ്ങിയ പണം തന്നെ ഞങ്ങൾ അടച്ചു തീർത്തിട്ടില്ല. ഭർത്താവിനെ വിട്ടേച്ചുവന്ന നിന്നെക്കാണുന്നവർ മറ്റ് സഹോദരിമാരെ കല്യാണം കഴിക്കാൻ തടസ്സം ഉണ്ടാകും. ദുഃഖമോ വേദനയോ നിന്റെ ഭർത്താവിന്റെ വീട്ടിലേക്കു പോകുന്നതുതന്നെ നിനക്കും നിന്റെ അനുജത്തിമാർക്കും നല്ലത് എന്ന് പറഞ്ഞ് അവളെ തിരിച്ചയച്ചു. വേറെ വഴിയില്ലാതെ അവൾ ഭർത്താവിന്റെ വീട്ടിലേക്കു തിരികെപ്പോയി. ഇപ്പോൾ മുമ്പത്തെക്കാൾ കൂടുതൽ ഭർത്താവ് അവളോട് ക്രൂരത കാണിച്ചു. ഒരു പ്രാവശ്യം തല്ല് കൊണ്ട് തലയിലും ശരീരത്തിലും ഏഴു തയ്യൽ ഇടേണ്ടിവന്നു, കിടപ്പിലായി. ഭർത്താവ്, ക്യാന്റീനിൽ ആഹാരം കഴിച്ചു. വീട്ടിനകത്തുള്ളവർ ഗോതമ്പു കഞ്ഞി കൊടുത്തു. ഒരു ദിവസം അവൾ ഒരു തീരുമാനം എടുത്തു. അമ്മയുടെ വീട്ടിൽ സ്വീകരിക്കുന്നില്ല, ഭർത്താവിന്റെ വീട്ടിലും സമാധാനമില്ല, ഇനി ജീവിക്കുന്നതിനെക്കാൾ മരിക്കുന്നത് നല്ലത് എന്ന് പറഞ്ഞു. മിലിട്ടറി ക്വാർട്ടേഴ്സിൽ നിന്നു എലിവിഷം വാങ്ങി ആത്മഹത്യ ചെയ്യാൻ വീട്ടിലേക്കു മടങ്ങിവന്നുകൊണ്ടിരുന്നു. ഒരു വീഥിയിൽ കൂടി വന്നുകൊണ്ടിരിക്കുമ്പോൾ ഒരു വീടിനെ കടന്നുപോകുമ്പോൾ ആ വീട്ടിൽ നിന്നും ആരോ തന്റെ പേരുപറഞ്ഞു വിളിക്കുന്നതു അവൾ കേട്ടു. അവൾ ഞെട്ടിപ്പോയി. രണ്ടാം പ്രാവശ്യം പേർ വിളിച്ചപ്പോൾ അവിടെ നിന്നു. ഒരു വീട്ടിൽ നിന്നാണ് ആ ശബ്ദം വന്നത്. തന്റെ മാതൃഭാഷയായ ഒറിയാഭാഷയിൽ "**മകളെ ഞാൻ നിന്നെ സ്നേഹിക്കുന്നു. വളരെ വേഗത്തിൽ നിന്റെ പ്രശ്നങ്ങൾക്ക് അവസാനം ഉണ്ടാകും. നിന്റെ ഭർത്താവിന്റെ സ്വഭാവത്തെ ഞാൻ മാറ്റും**" എന്നു പറയുന്ന ശബ്ദം കേട്ടു. ആ ശബ്ദം രണ്ടു നിമിഷം മാത്രം കേട്ടു. ഉടനെ അവൾ തന്റെ വീട്ടിൽ മടങ്ങിവന്നു. ആത്മഹത്യ ചെയ്യാനുള്ള തീരുമാനത്തെ മാറ്റി. പിറ്റേദിവസം ഭർത്താവ് ജോലിക്കുപോയശേഷം അവൾ താൻ മരുന്നുവാങ്ങാൻ പോയ വഴിയിൽ

ചെന്നു. ഇന്നലെ രാത്രി ഏഴു മണിക്ക് ഏതു വീട്ടിൽ നിന്നും തന്റെ പേര് വിളിക്കുന്ന ശബ്ദം കേട്ടോ ആ വീടിനെ കണ്ടുപിടിച്ചു. ആ വീടിന്റെ വാതിൽക്കൽ നിന്ന് ആ വീട്ടുകാരെ വിളിച്ചു. ഒരു സഹോദരി പുറത്തുവന്നു എന്താ വേണ്ടത് എന്ന് ചോദിച്ചു. അവൾ തെലുങ്കിലാണ് സംസാരിച്ചത്. ഇവൾക്കു കുറച്ചു ഹിന്ദി അറിയാം. ആ ഹിന്ദി ഭാഷയിൽ ഇന്നലെ വൈകിട്ടു നിങ്ങളുടെ വീട്ടിൽ നിന്ന് എന്റെ പേരുവിളിച്ചു. എന്റെ ഒറിയാ ഭാഷയിൽ എന്നോടു സംസാരിച്ച ശബ്ദം കേട്ടു എന്നു പറഞ്ഞു. ആ സഹോദരിക്ക് ഇവൾ സംസാരിച്ച തെറ്റായ ഹിന്ദി മനസ്സിലായില്ല. തന്റെ മരുമകളെ വിളിച്ചു. അവൾക്കു കുറച്ച് ഹിന്ദി അറിയാം. ഇന്നലെ നടന്ന വിഷയം അവൾ ഹിന്ദിയിൽ സംസാരിച്ചു. ഞങ്ങളുടെ വീട്ടിൽ ഒറിയാ ഭാഷ സംസാരിക്കുന്നവർ ആരുമില്ല. ഹിന്ദിഭാഷ നന്നായി അറിയാവുന്നവരും ആരുമില്ല. എല്ലാപേരും തെലുങ്കുമാത്രം സംസാരിക്കുന്നു. ഞങ്ങളുടെ സഭാ പാസ്റ്റർക്ക് ഒറിയാ ഭാഷ അറിയാം എന്നുപറഞ്ഞ് പാസ്റ്ററുടെ വീട്ടിൽ കൊണ്ടുപോയി. **ആ പാസ്റ്റർ പെന്തെക്കോസ്തു സഭാ പാസ്റ്റർ അല്ല**. അപ്പോൾ ആ തെലുങ്കുഭാഷക്കാർ പറഞ്ഞു. ഞങ്ങൾ വൈകുന്നേരം ഏഴു മണിക്കു കുടുംബപ്രാർത്ഥന ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് വീടു തെറ്റിപ്പോയിരിക്കാം എന്നു പറഞ്ഞു. ആ പാസ്റ്റർ പറഞ്ഞു നിങ്ങളുടെ വീടിനു തെട്ടടുത്തവരെല്ലാം ഹൈന്ദവരാണ്. ഇതു കർത്താവിന്റെ ശബ്ദമായതുകൊണ്ടു ഇതു നിങ്ങളുടെ വീട്ടിൽ നിന്നുതന്നെ വന്നിരിക്കും എന്നു പറഞ്ഞു. പാസ്റ്റർ അവളോടു ഞങ്ങളുടെ ദൈവം ഇങ്ങനെ സംസാരിക്കാറുണ്ട്. ദൈവത്തിന് എല്ലാ ഭാഷയും അറിയാം. ഇവർ കുടുംബ പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നു. ആ പ്രാർത്ഥനയിൽ ആ കുടുംബക്കാർ പോലും അറിയാതെ നിന്നെ രക്ഷപ്പെടുത്താൻ വേണ്ടി സംസാരിച്ചു എന്നു ഞാൻ മനസ്സിലാക്കുന്നു. ഈ യേശുമസ്സി അത്ഭുതം ചെയ്യുന്നവനാണ്. നിന്നെ മരണത്തിൽ നിന്നു തടയാനും നിന്റെ ഭർത്താവിനെ മാറ്റാനും വേണ്ടി ദൈവം ഈ അത്ഭുതം ചെയ്തു. ദൈവം നിന്നോടുകൂടെ ഉണ്ട്. ധൈര്യമായി വീട്ടിലേക്കു പോകുക. എന്തു വന്നാലും യേശുമസ്സി യേശുമസ്സി, എന്നു പറയുക. ഞങ്ങളെല്ലാപേരും നിനക്കുവേണ്ടി പ്രാർത്ഥിക്കും.

എന്നു പറഞ്ഞ് പാർത്ഥിച്ച് അവളെ അയച്ചു. വീട്ടിലേക്കു തിരികെ പോകുമ്പോൾ മനസ്സിൽ നിന്നു വലിയ ഭാരം മാറിപ്പോയതായറിഞ്ഞു. രാത്രി ഭക്ഷണത്തിനായി യേശുമസ്സി യേശുമസ്സി എന്നുപറഞ്ഞ് റൊട്ടി ഉണ്ടാക്കിക്കൊണ്ടിരുന്നു. പെട്ടന്ന് വീട്ടിന്റെ മുമ്പിൽ ഒരാംബുലൻസ് വന്നുനിന്നു. ഡ്യൂട്ടിയിൽ ഭർത്താവ് ബോധം കെട്ടുവീണ് വായിൽ നിന്നും രക്തംവന്നു. ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകണം. വീടുപൂട്ടി വേഗം ആംബുലൻസിൽ വന്നുകേറ് എന്ന് പറഞ്ഞു. ഐ.സി.യു.വിൽ അദ്ദേഹത്തെ അഡ്മിറ്റാക്കി. അവളോട് ഒരു അപേക്ഷയിൽ ഒപ്പിടാൻ പറഞ്ഞു. ഡോക്ടർമാർ, ഭർത്താവിന്റെ കരൾ വീക്കമായപ്പോൾ അതിൽ നിന്നു രക്തം പോയിക്കൊണ്ടിരിക്കുന്നു. രക്ഷപ്പെടാൻ വഴിയില്ല. അധികമായ മദ്യപാനം കൊണ്ടുണ്ടായതാണെന്നു പറഞ്ഞിട്ടുപോയി. രാത്രിമുഴുവനും അവൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പിറ്റേദിവസം പകൽ 11 മണിക്ക് ഐ.സി.യു.വിൽ നിന്നും വാർഡിലേക്ക് കൊണ്ടുവന്നു. രക്തം പോകുന്നതുനിന്നു. ഇനി ചികിത്സ കൊടുക്കാം. രക്ഷപ്പെടുമോ ഇല്ലയോ എന്നറിയാൻ പാടില്ല എന്നു പറഞ്ഞു. ഭർത്താവിനു വിവരം മനസ്സിലായി. താൻ മരണത്തിന്റെ വക്കിലാണ്. ഭാര്യയുടെ കൈ പിടിച്ചു. കല്ല്യാണം കഴിച്ച ദിവസം മുതൽ ഞാൻ നിന്നെ കൂടുതൽ ഉപദ്രവിച്ചു. എന്നെകൊണ്ട് ഇനി നിനക്കു പ്രയോജനമില്ല. നിന്റെ അമ്മയുടെ വീട്ടിലും നിനക്കുപോകാൻ സാധിക്കില്ല എന്നു ഞാനറിഞ്ഞു എന്നു പറഞ്ഞു കരഞ്ഞു. ഇപ്പോൾ തന്നെ ഞാൻ മരിച്ചാൽ കൊള്ളാം എന്ന് വിചാരിക്കുന്നു. കാരണം അസഹനീയമായ വേദനയുണ്ട്. ഞരമ്പു വഴിയായി വേദന മാറ്റാനുള്ള മരുന്നുകൊടുത്തിട്ടും വേദന മാറിയില്ല. ഭർത്താവിന്റെ അവസാന സമയമായതുകൊണ്ട് ഇവൾ സംഭവിച്ചതു തുറന്നുപറയാൻ ആഗ്രഹിച്ചു. യേശുമസ്സിയെക്കുറിച്ചു പറയുമ്പോൾ ഭർത്താവിന്റെ ദേഷ്യം കൂടുമോ എന്നു അവൾ ഭയന്നു. എന്നാലും സംഭവിച്ചത് തെളിച്ചുപറഞ്ഞു. എലിവിഷം വാങ്ങാൻ പോയതുമുതൽ ആ വീട്ടിൽ ഒറിയാ ഭാഷ സംസാരിച്ച കാര്യങ്ങളും അവൾ വിവരിച്ചുപറഞ്ഞു. യേശുമസ്സി പറഞ്ഞതു സത്യമായാൽ നിങ്ങൾ മരിക്കത്തില്ല. തീർച്ചയായും സൗഖ്യം ലഭിക്കും. ഭർത്താവിനെ ഞാൻ മാറ്റും എന്നു ആ ദൈവം പറഞ്ഞു.

തെലുങ്കുഭാഷയിൽ ഉള്ള ഒരു സ്ത്രീ അറിയാത്ത ഒറിയ ഭാഷയിൽ സംസാരിച്ചു എന്നറിയുമ്പോൾ ഈ ദെവം അത്ഭുതം പ്രവർത്തിക്കുന്നവൻ എന്നെനിക്കു മനസ്സിലായി. അപ്പോൾ അവളുടെ ഭർത്താവ് പറഞ്ഞു നീ പറഞ്ഞ യേശു പറഞ്ഞതു സത്യമായാൽ ഇന്നു രാത്രി വേദനയില്ലാതെ ഞാൻ കിടന്നുറങ്ങിയാൽ നാളെ മുതൽ യേശുവിനെ ദൈവമായി സ്വീകരിക്കും എന്നവൻ പറഞ്ഞു. രാത്രി വേദനയില്ലാതെ കിടന്നുറങ്ങി. പിറ്റെ ദിവസം വായ് വഴിയായി ആഹാരം കഴിച്ചു. ഒരാഴ്ചക്കുള്ളിൽ ഡോക്ടർമാർ വീണ്ടും സ്കാനെടുത്തു നോക്കിയപ്പോൾ കരൾ ചുരുങ്ങിയിരിക്കുന്നു. ഇനി മരണഭയമില്ല. വീണ്ടും കുടിച്ചാൽ രക്ഷപ്പെടുത്താൻ ആരെക്കൊണ്ടും സാധിക്കയില്ല. അങ്ങനെ സൗഖ്യം ഉണ്ടായി. രണ്ടുമാസം കഴിഞ്ഞു. ആ പാസ്റ്ററെ രണ്ടുപേരും നേരിട്ടു പോയിക്കണ്ടു. ജലന്തർ ട്രാൻസ്ഫർ ആയി. അവിടത്തെ ഒരു സഭയിൽ അംഗമായി നല്ല ഒരു വിശ്വാസിയായി ജീവിച്ചുകൊണ്ടിരിക്കുന്നു.

ആന്ധ്രയിൽ നടന്ന എന്റെ യോഗത്തിലേക്ക് സംബന്ധിക്കാൻ വന്നതിൽ ഈ സാക്ഷിയെ അവളാണ് സ്റ്റേജിൽ പറഞ്ഞത്. ദൈവനാമം മഹിമപ്പെടട്ടെ.

## നിങ്ങൾ സംസാരിക്കുന്ന ഭാഷ സത്യമോ വ്യാജമോ എന്നറിയാൻ ഒരു പരിശോധന

ഈ പരിശോധന ചെയ്തു തെളിവു പ്രാപിച്ചു താൻ സംസാരിച്ചുകൊണ്ടിരുന്ന ഭാഷയെ നിർത്തിയ പെന്തക്കോസ്തു പാസ്റ്റർമാരും വിശ്വാസികളും ധാരാളം. ഞാൻ ജാമക്കാരനിൽ എഴുതിയതു വെറുതേയായോ എന്നു വിചാരിച്ചു ഭാരപ്പെട്ടപ്പോൾ ഇവരുടെ സാക്ഷിക്കത്തുകൾ എന്നെ സന്തോഷപ്പെടുത്തി. ദൈവത്തെ സ്തുതിക്കാൻ ഇടയാക്കി.

## വിദേശ പെന്തക്കോസ്തു സഭാപാസ്റ്റർമാർ സംസാരിക്കുന്ന ഭാഷയുടെ വ്യത്യാസം

തമിഴ്നാടു പെന്തക്കോസ്തു സഭാപാസ്റ്റർമാരുടെ അന്യഭാഷ, വിദേശ,

അമേരിക്ക, യൂറോപ്പ് രാജ്യങ്ങളിൽ ഉള്ള പെന്തക്കോസ്തു സഭാപാസ്റ്റർ സംസാരിക്കുന്ന അന്യഭാഷ, കേരളത്തിൽ പെന്തക്കോസ്തു സഭാ പാസ്റ്റർമാർ സംസാരിക്കുന്ന അന്യഭാഷ ഇതെല്ലാം ഞാൻ ടേപ്പിൽ റെക്കോർഡ് ചെയ്തു ഭാഷവിദഗ്ദ്ധരുടെ (Linguistic Experts) കൈയ്യിൽ കൊടുത്തു. ഞാനും അതു നേരിൽ കേട്ടു ഭയഭക്തിയോടെ അവയെ പരിശോധന ചെയ്തു അറിഞ്ഞതിനു ശേഷമാണ് ഞാൻ ഈ വിവരങ്ങൾ ധൈര്യമായി എഴുതാൻ തുടങ്ങിയത്. ഇതിനു മുമ്പ് 1969–ാം വർഷം കർത്താവ് എനിക്കു പല വരങ്ങൾ നല്കി ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ അതിൽ പ്രധാനമായി DISCERNING SPIRIT (ആത്മാക്കളുടെ വിവേചനം) കൃപാവരം നൽകിയ ശേഷമാണ് ഓരോരോ ദൈവവേലക്കാർ ഏതു ആത്മാവിലാണ് പ്രവർത്തിക്കുന്നത് എന്നു ബിഷപ്പമാർ മുതൽ സ്റ്റാർ ദൈവവേലക്കാർ, ടി.വി പ്രസംഗികർ ഇവർ എല്ലാപേരുടേയും തെറ്റായ ഉപദേശങ്ങളേയും, തെറ്റായ പ്രവർത്തികളേയും ചൂണ്ടിക്കാണിച്ചു ധൈര്യമായി എഴുതാൻ തുടങ്ങി. അതു മുഖാന്തരം ധാരാളം നഷ്ടങ്ങൾ ഉണ്ടായി. ദൈവവേലയുടെ വാതിലുകൾ അടയാൻ തുടങ്ങി. പല ദൈവവേലക്കാരുടെ വെറുപ്പും എന്റെ മേൽ ഉണ്ടായി. ബിഷപ്പുമാരെ വിമർശിച്ചതു കൊണ്ടു ബിഷപ്പുമാർക്ക് എന്റെ മേൽ വെറുപ്പുകൾ കൂടി. അതുകൊണ്ടു പല വാതിലുകൾ അടക്കപ്പെട്ടു. ഒരു വാതിൽ അടഞ്ഞാലും എന്നെ പ്രത്യേക വേലക്കു വിളിച്ച എന്റെ ദൈവം ധാരാളം വാതിലുകളെ ദൈവവേലക്കുവേണ്ടി ഇന്ത്യയിലും വിദേശത്തും തുറന്നുതന്നു സഹായിച്ചു. എന്റെ ഈ 80–ാം വയസ്സിലും സകല ആരോഗ്യവും തന്ന് തുടർന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിനു സ്തുതി ഉണ്ടാകട്ടെ.

ആത്മാവിനെ വിവേചിച്ചറിയാനുള്ളവരം ലഭിച്ച ശേഷമാണ് പരിശുദ്ധാത്മാവിനെക്കുറിച്ചും ആന്യഭാഷയെക്കുറിച്ചും ധൈര്യമായി വചന അടിസ്ഥാനത്തിൽ വായനക്കാർക്കു വിവരിച്ചു എഴുതാൻ തുടങ്ങിയത്.

അന്യഭാഷയെക്കുറിച്ചു ഗവേഷണം നടത്തിയ ശേഷം, ഗവേഷണം നടത്തിയവർ എന്നോടു പറഞ്ഞത് ടേപ്പിൽ റെക്കോർഡു ചെയ്ത എല്ലാ

ദേശത്തിലുള്ളവർ സംസാരിക്കുന്ന ഭാഷയുടെ വിവരങ്ങൾ പറയുന്നില്ല. ഒരേ വാക്കിനെ വീണ്ടു വീണ്ടും പറയുന്നു. അതിൽ പുതിയ വാക്കുകൾ ഒന്നും വരുന്നില്ല. മാത്രമല്ല അതു ഒരു ഭാഷയെ അല്ല എന്നു അവർ ഉറപ്പാക്കി.

ഇതു വായിക്കുന്ന നിങ്ങളും നിങ്ങളുടെ മൊബൈലിൽ അല്ലെങ്കിൽ വാട്സ് അപ്പിൽ നിങ്ങൾ സംസാരിക്കുന്ന അന്യഭാഷ റിക്കോർഡ് ചെയ്തു നോക്കുവിൻ. ഒരു പ്രാവശ്യമല്ല പല ദിവസങ്ങളിൽ റിക്കോർഡ് ചെയ്തിട്ട് അതു മുഴുവനും തിരിച്ചു കേൾക്കണം. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങൾ സംസാരിച്ചത് നിങ്ങൾക്ക് മനസ്സിലാക്കുവാൻ നിങ്ങളെ തീർച്ചയായും സഹായിക്കും.

**ഒരു പെന്തക്കോസ്തു പാസ്റ്ററിന് തെളിവു ലഭിച്ച സംഭവം**

ഈ വിവരങ്ങളെക്കുറിച്ച് ഒരു പാസ്റ്റർ എനിക്കു എഴുതിയത്; ഞാനും സംസാരിച്ച അന്യഭാഷയെ പല ആഴ്ചകൾ റിക്കോർഡ് ചെയ്തു ഞാൻ തന്നെ അതു വീണ്ടും കേട്ടപ്പോൾ ലജ്ജിച്ചു കരഞ്ഞു. മാത്രമല്ല എനിക്കു ഭയവും ഉണ്ടായി. അപ്പോൾ ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവേ ഇത്രകാലം നീ എന്നോടുകൂടെ ഉണ്ടായിരുന്നിട്ടല്ലയോ ഞാൻ അന്യഭാഷ സംസാരിച്ചപ്പോൾ എനിക്കു നല്ല ആശ്വാസവും ഫലവും ലഭിച്ചതു എങ്ങനെ? ഞാൻ നന്നായിട്ടു സ്തുതിച്ചു. ഞാൻ സ്തുതിച്ചതിന്റെ ശബ്ദം എന്റെ സഭാജനങ്ങളേയും ശബ്ദം ഉയർത്തി സ്തുതിക്കാൻ ഇടയാക്കിയല്ലോ. അതിനെത്തുടർന്ന് എല്ലാപേരും അന്യഭാഷയിൽ സംസാരിച്ചു. അവരോടു ചേർന്ന് ഞാനും അന്യഭാഷയിൽ സംസാരിച്ചു. ഇതെല്ലാം മായയാണോ? പരിശുദ്ധാത്മാവു എന്നെ ഭ്രാന്തനാക്കിയോ? എന്നു ഞാൻ പ്രാർത്ഥിച്ചു. ഡോക്ടർ നിങ്ങളുടെ മാസികയും എന്നെ വളരെ കുഴപ്പത്തിലാക്കി.

ഈ കുഴപ്പം ആ പാസ്റ്ററിനു ഉണ്ടായ ശേഷം തുടർന്നുള്ള ദിവസങ്ങളിൽ സഭ നടത്തുവാൻ തന്റെ സഹായി ആയ പാസ്റ്ററിനെ സഭ ഏല്പിച്ചു. എന്നെക്കാണാൻ മധുര (സി.എസ്ഐ) ഡയോസിസ് കൺവെൻഷനിൽ ഞാൻ

പ്രസംഗിച്ചു കൊണ്ടിരുന്ന സ്ഥലത്തേക്ക് കടന്നുവന്നു. ശനിയാഴ്ച പകൽ കൗൺസലിംഗ് സമയം എന്റെ അടുക്കൽ പ്രാർത്ഥിക്കാൻ വന്ന കൂട്ടത്തിന്റെ ഇടയിൽ പാസ്റ്ററും വന്നു. സംഭവിച്ച വിഷയത്തെ പാസ്റ്റർ എന്നോടു പറഞ്ഞു. ഉടനേ ഞാൻ പറഞ്ഞു. ഈ വിഷയത്തെക്കുറിച്ച് ഇപ്പോൾ സംസാരിക്കേണ്ട. പാസ്റ്റർ പല സ്ഥലങ്ങളിൽ നിന്നു പ്രാർത്ഥിക്കാൻ വന്ന ജനങ്ങൾ വരിയായി നിൽക്കുന്നു. നിങ്ങളുടെ സംശയത്തിന്റെ വിവരങ്ങൾ പറയണമെങ്കിൽ സമയം കൂടുതൽ എടുക്കും. അതുകൊണ്ടു പാസ്റ്റർ മറ്റൊരു മുറിയിൽ ഇരുന്നാട്ടെ. ഇവരെല്ലാവർക്കും പ്രാർത്ഥിച്ചശേഷം അവസാനം നിങ്ങളോടു സംസാരിക്കും എന്നു പറഞ്ഞു.

എല്ലാവരും പോയശേഷം പാസ്റ്റർ ഒറ്റക്ക് എന്റെ മുറിയിൽ വന്നു. പാസ്റ്ററുടെ ഉള്ളിൽ പോരാട്ടവും കുഴപ്പവും നിറഞ്ഞുകാണപ്പെട്ടു. പാസ്റ്റർ മുഴുവൻ വിവരങ്ങളും പറഞ്ഞു. അദ്ദേഹത്തിന്റെ ഒരു ചെറിയ ടേപ്പ് റിക്കോർഡർ കാണിച്ചു. ഇതാണ് ഞാനെന്റെ ഭാര്യയുടെ കയ്യിൽ ഏല്പിച്ചു ഞാൻ വീട്ടിൽ പ്രാർത്ഥിക്കുമ്പോഴും സഭയിൽ സ്തുതി ആരാധനയിൽ ഞാൻ പ്രാർത്ഥിക്കുമ്പോഴും ടേപ്പ് റെക്കോർഡ് ഓണാക്കി വയ്ക്കാൻ പറഞ്ഞു. അങ്ങനെ രണ്ട് ആഴ്ചകൾ ഞാൻ പ്രാർത്ഥിക്കുമ്പോഴും സഭാജനത്തോടു പ്രാർത്ഥിക്കുമ്പോഴും പറഞ്ഞ അന്യഭാഷകൾ മുഴുവനും അതിൽ റിക്കോർഡ് ചെയ്തു. ഒരു ദിവസം ഞാൻ എന്റെ ഭാര്യയും ഇതിനുവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചശേഷം ടേപ്പ് റെക്കോഡർ റെക്കോർഡ് ചെയ്തതു മുഴുവൻ കേട്ടു. അതു കേട്ടപ്പേൾ ഞങ്ങളുടെ മനസ്സു തളർന്നുപോയി. പത്തു വർഷത്തിനുമുമ്പു എന്നെ പാസ്റ്ററാക്കിയ എന്റെ ചീഫ് പാസ്റ്റർ അവർകൾ തന്നെ പരിശുദ്ധ ആത്മാവിനെക്കുറിച്ചും അഗ്നി അഭിഷേകത്തെക്കുറിച്ചും അന്യഭാഷയെക്കുറിച്ചും എന്നെ പഠിപ്പിച്ച പാസ്റ്ററാണ്. എന്നാൽ അദ്ദേഹം സംസാരിച്ചതും അദ്ദേഹം എന്നെ പഠിപ്പിച്ചതുമായ അന്യഭാഷ തെറ്റാണോ? അതിന്റെ ശേഷമാണ് ബൈബിളിനെ കൂടുതൽ പഠിച്ചത്. പ്രസംഗിക്കാനും പഠിച്ചത്. ഇപ്പോൾ ഞാൻ ഇംഗ്ലീഷിലും പ്രസംഗിക്കുന്നു. എന്നാൽ ഇതു

അന്യഭാഷ മുഖാന്തരം ഉണ്ടായ ആത്മീക വർദ്ധന അല്ലേ. 1കൊരി 14:4–ൽ അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മീകവർദ്ധന ഉണ്ടാകുവാൻ സംസാരിക്കുന്നു എന്നാണല്ലോ എഴുതിയിരിക്കുന്നത്. അതുകൊണ്ടല്ലേ മറ്റുള്ളവരോടു സംസാരിക്കുവാൻ ലജ്ജ ഉണ്ടാകുന്നത്. എങ്കിലും നന്നായി പ്രസംഗിക്കുവാൻ പരിശുദ്ധാത്മാവു സഹായിച്ചല്ലോ. 9–ാം ക്ലാസ് പാസ്സാകാത്ത എനിക്ക് വേദവചനത്തെ വ്യാഖ്യാനിക്കാൻ പരിശുദ്ധാത്മാവും സഹായിച്ചല്ലോ. ഇതൊക്കെ എങ്ങനെ എനിക്കു ലഭിച്ചു. പരിശുദ്ധാത്മാവിന്റെ അഭിഷേകം ഇല്ലാതെ ഇതൊക്കെ എനിക്കു ലഭിക്കുമോ? അന്യഭാഷ സംസാരിക്കുന്തോറും എനിക്കു ജ്ഞാനം വർദ്ധിച്ചതു ഞാൻ നന്നായി മനസ്സിലാക്കിയിട്ടുണ്ട്.

അതിനുശേഷം ഞാൻ പാസ്റ്ററോടു പറഞ്ഞു. വേറെ എന്തെങ്കിലും കൂടുതൽ പറയാനുണ്ടോ? കാരണം ഇപ്പോൾ ഞാൻ സംസാരിക്കാൻ പോകുന്നു. ഒന്നുമില്ല എന്നദ്ദേഹം പറഞ്ഞശേഷം ഞാനാപാസ്റ്ററെ നോക്കി. നിങ്ങളുടെ സ്ഥിതി വളരെ സങ്കടകരമായിരിക്കുന്നു. തളർന്നു പോകരുത്. നിങ്ങളുടെ വശത്ത് ഒരു തെറ്റുമില്ല. നിങ്ങളുടെ ദൈവവേലയിലും തെറ്റില്ല. പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ ഇരിക്കുന്ന സത്യമാണ്. നിങ്ങൾ മാനസാന്തരപ്പെട്ട വ്യക്തിയാണ്. ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കമ്പോൾ പാസ്റ്ററുടെ മുഖത്ത് പെട്ടന്നൊരു സന്തോഷം ഉണ്ടായി. ഡോക്ടറെ നിങ്ങൾ പറയുന്നതു നേരാണോ. എന്റെ ഉള്ളിൽ പരിശുദ്ധാത്മാവു ഉണ്ടോ? എന്നാൽ ഞാൻ സംസാരിച്ച ഭാഷ ശരിയാണോ എന്ന് വളരെ വികാരഭരിതനായി ചോദിച്ചു.

ഞാൻ പറഞ്ഞു പാസ്റ്റർ നിങ്ങളുടെ ഉള്ളിൽ പരിശുദ്ധാത്മാവു ഉണ്ടെന്നു പറഞ്ഞതു സത്യമാണ്. ഈ പരിശുദ്ധാത്മാവ് നിങ്ങളിൽ ഇല്ലായിരുന്നെങ്കിൽ ഈ മനസാക്ഷിക്കുത്ത് നിങ്ങൾക്കുണ്ടാകാൻ സാദ്ധ്യതയില്ല. നിങ്ങൾ സംസാരിച്ച അന്യഭാഷ തെറ്റാണോ ശരിയാണോ എന്ന ചോദ്യവും ഉണ്ടാകാൻ സാദ്ധ്യതയില്ല. ആ വിവരം അറിയാൻ നിങ്ങളിൽ ഉണ്ടായ ആഗ്രഹവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ഇങ്ങനെ പറഞ്ഞതിനുശേഷം ആ

പാസ്റ്റർ ഇനി ഞാൻ എന്തു ചെയ്യണം? ഞാൻ സംസാരിച്ചതും സഭ സംസാരിച്ചതും ഭാഷ അല്ലെന്നു സഭാജനങ്ങളോടു വിളിച്ചു പറയട്ടെ. ഉടനേ ഞാൻ പറഞ്ഞു ധൃതി കാണിക്കണ്ട അന്യഭാഷ എന്നുള്ള മായയേ നിങ്ങളുടെ സഭാജനങ്ങൾക്കു പല വർഷങ്ങളായി അവരുടെ ഉള്ളിൽ പതിഞ്ഞുപോയി. അതുകൊണ്ടു സഭാ ജനങ്ങളെ നിങ്ങളെക്കൊണ്ടു മാറ്റുവാൻ സാധിക്കുന്നില്ല. അവരെ ബോധ്യപ്പെടുത്താനും ശ്രമിക്കരുത്. നിങ്ങൾക്കുണ്ടായ ഈ പുതിയ തെളിവ് അവരോടു പറഞ്ഞാൽ അവരെല്ലാം ചേർന്ന് പാസ്റ്ററായ നിങ്ങളെ പുറത്താക്കും. നിങ്ങളിൽ ഉണ്ടായിരുന്ന ആത്മാവു നിങ്ങളെ വിട്ടുമാറിപ്പോയി എന്നവർ തെറ്റിദ്ധരിക്കും. ആത്മാവിനെ തേടി മറ്റുസഭകളിൽ പോയിചേരും. അതുകൊണ്ട് ആദ്യം ദൈവത്തോടു നിങ്ങളും നിങ്ങളുടെ ഭാര്യയും കരഞ്ഞുപ്രാർത്ഥിപ്പിൻ. കർത്താവേ ഞങ്ങൾ വലിയ കുഴപ്പത്തിൽ ആയിരിക്കുന്നു. ഇത്രയധികം വർഷം ഞങ്ങൾ സൂക്ഷിച്ച സഭ ഞങ്ങളുടെ കൈവിട്ടുപോകും എന്നുള്ള ഭയം ഉണ്ടാകുന്ന ഈ സാഹചര്യത്തിൽ ഡോക്ടർ പുഷ്പരാജിന്റെ ആലോചന ഞങ്ങൾക്കു വലിയ കുഴപ്പം ഉണ്ടാക്കുന്നു. ശരിയായ വിധത്തിൽ വചനാടിസ്ഥാനത്തിൽ സഭയെ നടത്തുവാൻ എനിക്കു നല്ല ആലോചന തരണമേ എന്നു പ്രാർത്ഥിക്കാൻ ഞാൻ പറഞ്ഞു. മാത്രമല്ല നിങ്ങളെ കുഴപ്പത്തിലാക്കിയതു ഞാനല്ല ദൈവം തന്നെ കാരണം. ദൈവം നിങ്ങളെ സ്നേഹിച്ചതുകൊണ്ടു കർത്താവ് നിങ്ങളെ എന്റെ അടുക്കൽ അയച്ചു. ഏതു കുഴപ്പവും ഒരു തെളിവുണ്ടാക്കും.

ആദ്യം നിങ്ങളുടെ സഭാരാധനയിൽ അന്യഭാഷ സംസാരിക്കുന്നതു നിർത്തണം. സ്തുതി ആരാധന നിങ്ങളുടെ സഹപാസ്റ്ററെക്കൊണ്ടു നടത്താൻ പറയണം. സഭാ ജനങ്ങൾ നിങ്ങളെ ശ്രദ്ധിക്കും. നേരത്തെ പാസ്റ്റർ സംസാരിച്ചതു പോലെ അന്യഭാഷയിൽ സംസാരിക്കാത്തതു സഭയിലുള്ള ചിലർക്കെങ്കിലും സംശയം ഉണ്ടാകും. അങ്ങനെ സംശയം ഉണ്ടായാൽ അതു നല്ലതാണ്. അവർ നിങ്ങളോട് അന്യഭാഷയിൽ സംസാരിക്കാത്തതിനെക്കുറിച്ചു ചോദിക്കും. അങ്ങനെ ഉള്ള വ്യക്തികളെ വീട്ടിലേക്കു ക്ഷണിക്കണം. അങ്ങനെ

അവർ വന്നാൽ നിങ്ങളുടെ ടേപ്പ് റെക്കോർഡർ പരിശോധനയെക്കുറിച്ചു പറയാതെ നിങ്ങൾക്കുണ്ടായ വ്യക്തതയെക്കുറിച്ചും പറയാതെ അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവത്തെ ചോദിക്കണം. അദ്ദേഹത്തിന്റെ അന്യഭാഷ അനുഭവത്തെക്കുറിച്ചും ചോദിക്കണം. അതിനുശേഷം വചനങ്ങളെ ചൂണ്ടിക്കാണിച്ച് വേദവചനത്തോടു അദ്ദേഹത്തിന്റെ അനുഭവത്തെ താരതമ്യപ്പെടുത്തി പരിശോധിക്കാൻ പറയണം. അതിന്റെ ശേഷം അദ്ദേഹം കൂടുതൽ ചോദ്യങ്ങൾ ചോദിക്കും. നിങ്ങൾ അതിന് പ്രാർത്ഥനയോടു മറുപടി കൊടുക്കണം. എന്നാലും ഇതു പെട്ടന്ന് അവരുടെ ഉള്ളിൽ മാറ്റമുണ്ടാക്കുകയില്ല. ഇതു ശരിക്കും മനസ്സിലാക്കാൻ കൂടുതൽ സമയമെടുക്കും. അതു മാത്രമല്ല അദ്ദേഹം മിണ്ടാതിരിക്കത്തില്ല. അവർ സഭയിലുള്ള മറ്റുള്ളവരോടു ഈ കാര്യങ്ങൾ പറയും. ചില കാലത്തിനുശേഷം തീർച്ചയായും സഭ തകരും. ഇതൊക്കെ പാസ്റ്റർ പ്രതീക്ഷിക്കണം. വചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കാൻ ആഗ്രഹം ഉള്ളവർ മാത്രം നിങ്ങളോടുകൂടെ ഉണ്ടായാൽ മതി. നിങ്ങൾ വ്യക്തമായി പറഞ്ഞിട്ടും മനസ്സിലാക്കാത്ത, ആവേശ ആഗ്രഹം ഉള്ള ആളുകൾ സഭയെ വിട്ടുപോകുന്നതിനെക്കുറിച്ചു നിങ്ങൾ വിഷമിക്കണ്ട. ദൈവത്തിന്റെ വരവിൽ സഭയെ എടുത്തുകൊള്ളുമ്പോൾ സഭയിൽ ഉള്ള വലിയ ആൾക്കൂട്ടത്തെ ദൈവം കൂട്ടിക്കൊണ്ടു പോകുന്നില്ല. വികാരത്തിലും ആവേശത്തിലും പെട്ടുപോകാതെ വചനത്തിന്റെ അടിസ്ഥാനത്തിൽ സാക്ഷിയുള്ള ജീവിതം നയിക്കുന്ന ഒരു ചെറിയ കൂട്ടത്തെ യേശു കൂട്ടിക്കൊണ്ടുപോകും. ആ കൂട്ടത്തിൽ നിങ്ങളും ഉണ്ടായിരിക്കും. നിങ്ങൾക്ക് പ്രധാന സ്ഥാനം ദൈവം തരും. സഭ തകർന്നുപോകുമ്പോൾ ചില നഷ്ടങ്ങൾ നിങ്ങൾ പ്രതീക്ഷിക്കണം. ദശാംശം എന്ന പേരിൽ കൊടുക്കുന്ന കാണിക്കകൾ നിന്നുപോകും. അതിനെക്കുറിച്ചു നിങ്ങൾ വിഷമിക്കണ്ട. യഥാർത്ഥ ആത്മീക സന്തോഷം നിങ്ങളും സഭക്കാരും ഭാഷ സംസാരിക്കുന്നതു നിർത്തിയതുകൊണ്ടു അനുഭവിക്കും എന്നു പറഞ്ഞു പ്രാർത്ഥിച്ചു ഞാനാ പാസ്റ്ററെ അയച്ചു. ഇങ്ങനെ പല കുടുംബങ്ങളും പാസ്റ്റർമാരും ജാമക്കാരനിൽ എഴുതിയത് വായിച്ചു തെളിവു ലഭിച്ചു.

**സ്തുതി:-**

മുകളിൽ എന്നോടു സംസാരിച്ച പാസ്റ്റർ എന്നോടു ചോദിച്ച ഒരു പ്രധാന ചോദ്യം ഞങ്ങളുടെ സഭയിൽ ആരാധനക്കിടയിൽ സ്തുതിക്കാൻ കുറച്ചു സമയം ഞങ്ങൾ വിശ്വാസികൾക്കു കൊടുക്കും. ആ സ്തുതിക്കുന്ന സമയം വലിയ ശബ്ദമായിരിക്കും. ആ ശബ്ദത്തെ എന്റെ സഹ പാസ്റ്റർ കൂടുതൽ ഉത്സാഹപ്പെടുത്തും. ആ സ്തുതി ആരാധനയെ സഭാജനങ്ങൾ വളരെ ഇഷ്ടപ്പെടുന്നു. ഞാൻ സ്തുതി ആരാധന നടത്തുന്നതിനെക്കാൾ സഹപാസ്റ്റർ സ്തുതി ആരാധന നടത്തുന്നത് സഭാജനങ്ങൾക്കു കൂടുതൽ ഇഷ്ടമായതുകൊണ്ട് അദ്ദേഹത്തിന്റെ കയ്യിൽ അതു ഏൽപ്പിച്ചു ഞാൻ പ്രാർത്ഥനയിൽ ഇരിക്കും. ആ സ്തുതി ശബ്ദത്തോടു ഈ ഞങ്ങളുടെ കരച്ചിലിന്റെ ശബ്ദവും ഉച്ചത്തിൽ ഉണ്ടായിരിക്കും. എല്ലാ പെന്തെക്കോസ്തു സഭകളിലും സ്തുതി ആരാധനയിൽ കയ്യടി ശബ്ദം വളരെ കൂടുതലായി ആവേശത്തോടു കയ്യടിക്കുന്നത് കേൾക്കും. മൗനമായിരിക്കാതെ വായ് തുറന്ന സ്തുതി ഉച്ചത്തിൽ പറയാൻ എല്ലാവരേയും പ്രോത്സാഹിപ്പിക്കും. ആ സമയത്ത് വളരെ വേഗത്തിൽ താളമുള്ള പാട്ടുകൾ തിരഞ്ഞെടുത്തു വേഗത്തിൽ ഡ്രം അടി ശബ്ദത്തിന്റെ വേഗം കൂട്ടും. അങ്ങനെ വേഗമാക്കി വേഗമാക്കി ആവേശത്തിന്റെ ഉച്ചത്തിൽ പോയി ജനങ്ങളെല്ലാം അന്യഭാഷയിൽ സംസാരിക്കും. ആ സമയം സ്തോത്രം പറയുന്നതു നിർത്തി കയ്യടിക്കുന്നതു വേഗമാക്കുന്നു. ചിലർ തുള്ളിച്ചാടും. തല ആട്ടി ജന്നിരോഗം വന്നതുപോലെ ശരീരം വിറക്കും നിലവിളിക്കും. ഇങ്ങനെ ആർപ്പിട്ടു ഒരു ഡ്രം അടി ശബ്ദം അടയാളത്തിന് വേണ്ടി ഉണ്ടാക്കുമ്പോൾ എല്ലാവരും ശാന്തരാകും.

ഇങ്ങനെ ശബ്ദം മുഖാന്തരം അടുത്തു താമസിക്കുന്നവർ പോലീസിൽ പരാതി കൊടുത്തിട്ടുണ്ട്. പോലീസ് എന്നെ (പാസ്റ്റർ) വിളിച്ച് വിവരങ്ങൾ പറഞ്ഞു. കൂടുതൽ പരാതി വന്നാൽ സഭയെ അടച്ചു സീൽ വെക്കേണ്ടിവരും എന്നു മുന്നറിയിപ്പു പറഞ്ഞു. ഈ വിവരം സഭക്കാർ അറിഞ്ഞു ശബ്ദത്തെ നിയന്ത്രിക്കാതെ എയർ കണ്ടീഷൻ ഇട്ട് ആരാധിക്കാൻ സഭക്കമ്മറ്റി

തീരുമാനിച്ചു. അങ്ങനെ എയർക്കണ്ടീഷൻ ലക്ഷക്കണക്കിനു രൂപ ചിലവാക്കി ഇട്ടതുകൊണ്ടു ശബ്ദം പുറത്തുപോകുന്നില്ല.

മുകളിൽ ഈ പാസ്റ്ററ് പറഞ്ഞതുപോലെ എല്ലാ പെന്തക്കോസ്തു സഭകളിലും സ്തോത്രബലി എന്ന പേരിൽ സ്തുതി ആരാധന നടത്തി കയ്യടിച്ചു ശബ്ദമായി സ്തോത്രത്തെ പറഞ്ഞ് അന്യഭാഷയിൽ അവസാനിപ്പിക്കുന്നു. ഇങ്ങനെയാണ് അന്യഭാഷ ഉണ്ടാകുന്നത്. സഭ അന്യഭാഷയിൽ സംസാരിക്കാതിരുന്നാലും സഭ അന്യഭാഷയിൽ സംസാരിക്കുക എന്ന് വിളിച്ചുപറയും. ഫാദർ പെർഗ്ഗമെൻസ് (പാട്ടുകാരൻ) ടി.വി പ്രാസംഗീകർ, എജി ഐ.പി.സി, റ്റി.പി.എം. പാസ്റ്റർമാർ എല്ലാപേരും അന്യഭാഷയിൽ സംസാരിക്കുക എന്നു പറയുന്നതു നമുക്കറിയാം. അതുകൊണ്ടുള്ള ദൈവം സംസാരിപ്പിച്ച അന്യഭാഷയല്ല പാസ്റ്റർമാരും ചില ദൈവവേലക്കാരും പഠിപ്പിച്ച അന്യഭാഷയാണ്. അന്യഭാഷയിൽ ദൈവത്തോട് സംസാരിക്കണം എന്നു വിളിച്ചുപറയുന്നു. ഇങ്ങനെ പറഞ്ഞ് സഭാ ജനങ്ങളെ ഭ്രാന്തന്മാർ ആക്കുന്നു. മാത്രമല്ല സഭാ ജനങ്ങളെ ഇവരെല്ലാപേരും വഞ്ചിക്കുന്നു. ഇതിൽ നിന്നു ദൈവം തന്നെ തന്റെ മക്കളെ രക്ഷിക്കണം.

**വചനത്തെ ശ്രദ്ധിക്കണം**

1 കൊരി 14:17. നീ നന്നായി സ്തോത്രം ചൊല്ലുന്ന സത്യം. മറ്റവന് ആത്മീകവർദ്ധന വരുന്നില്ലാതാനും. വെറും സ്തോത്രം പറഞ്ഞു കൊണ്ടിരുന്നാൽ അതിൽ ഒരു പ്രയേജനവും ഇല്ല. മറ്റവർക്കും പ്രയോജനം ഉണ്ടാകുന്നില്ല എന്ന പൌലൂസ് അപ്പോസ്തലൻ പറയുന്നതു വായിക്കുന്നവർ നന്നായി മനസ്സിലാക്കണം. ഇപ്പോഴെല്ലാം പുതിയ ട്രെന്റ് ഉണ്ടായിരിക്കുന്നതുകാണാം. സ്തോത്രം പറയുന്നതുപോലെ "ആരാധന ആരാധന" എന്നു പറയുന്നതും ആരാധന എന്നു പറഞ്ഞു പാടുന്നതും പുതിയ ട്രെന്റായിമാറി. അങ്ങനെ വായ്കൊണ്ട് ആരാധന എന്നു പറഞ്ഞാൽ ആരാധന ആകുമോ? അതുപോലെ വെറും ഹല്ലേലൂയ, ഹല്ലേലൂയ എന്നു വീണ്ടും വീണ്ടും പറയുന്നതും ദൈവത്തിനു പ്രസാദമായിരിക്കുമോ? ഒരാൾ സാക്ഷി

പറയുമ്പോൾ ഇങ്ങനെ പറഞ്ഞു. ഞാൻ ട്രയിനിൽ പൊയ്ക്കൊണ്ടിരുന്നു **ഹല്ലേലൂയ** സ്റ്റേഷനിൽ ഇറങ്ങി സ്നേഹിതനെ കണ്ടുമുട്ടി **ഹല്ലേലൂയ.** എന്താണിത് എന്തിനാണ് ഹല്ലേലൂയയെ ഈ വ്യക്തി ഉപയോഗിച്ചത്? മറ്റൊരു വ്യക്തി സാക്ഷി പറയുമ്പോൾ എന്റെ അപ്പൻ ഹാർട്ട് അറ്റാക്കിൽ മരിച്ചുപോയി **ഹല്ലേലൂയ** ദൈവം എന്നെ ഒറ്റക്കാക്കി **ഹല്ലേലൂയ** ഇങ്ങനെ അർത്ഥമില്ലാതെ പറയുന്ന ഹല്ലേലൂയ പാസ്റ്റർമാരും ദൈവവേക്കാരും ഉത്സാഹിപ്പിക്കുന്നു. സങ്കീ 111 ൽ എന്തെല്ലാം ഓർത്ത് ഹല്ലേലൂയ പറയുന്നു എന്നു ശ്രദ്ധിക്കുക.

ഇങ്ങനെ നമ്മിൽ പലർക്കും അർത്ഥമില്ലാതെ സ്തോത്രം ഹല്ലേലൂയ, യേശുവിൻ രക്തം ജയം പറയുന്നതു ശീലമായിപ്പോയി.

- ☐ ഇതുവരെ പ്രത്യേക വ്യക്തികളുടേയും പാസ്റ്റർമാരുടെയും ജീവിതത്തിൽ ഉണ്ടായ അന്യഭാഷയെ തിരുത്തി വചനത്തിനു നേരായി അവർ കടന്നുവന്നതും പ്രാർത്ഥനയിൽ ആവേശത്തേയും വികാരത്തേയും കാണിക്കാതെ സാക്ഷിയുള്ള ജീവിതത്തിൽ ചെല്ലുവാൻ തങ്ങളുടെ ആഗ്രഹത്തെ കാണിച്ചത് ചിലരുടെ അനുഭവം മൂലമായി നാം കണ്ടു. വേദപുസ്തകം മുഖം നോക്കുന്ന കണ്ണാടി എന്നു പറയാം. മുഖം നോക്കുന്ന കണ്ണാടിയിൽ കൈകൊണ്ടു എഴുതിയ ഒരുവാക്കിനെ കാണിച്ചാൽ ആംബുലൻസിൽ എഴുതിയ വാക്കുപോലെ തലകീഴായിക്കാണും. അതുകൊണ്ടു ചില പാസ്റ്റർമാർ തെറ്റായി സംസാരിച്ചു പഠിച്ച അന്യഭാഷയെ വേദപുസ്തകത്തോടു താരതമ്യപ്പെടുത്തി ധ്യാനിച്ചപ്പോൾ തങ്ങളുടെ അന്യഭാഷ തെറ്റെന്ന് മനസ്സിലാക്കുവാൻ സാധിച്ചു.

**അന്യഭാഷവരം അതു അടയാളമല്ല** 1 കൊരി 12:7 ൽ എന്നാൽ ഓരോരുത്തനു ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നൽകപ്പെടുന്നു. വ്യക്തിപരമായി മനുഷ്യനു പ്രയോജനപ്പെടുത്താനല്ല അന്യഭാഷ. പലർ തെറ്റായി പറയുന്നതുപോലെ **അന്യഭാഷ** ആത്മീക വർദ്ധന ഉണ്ടാക്കും എന്നു പറയുന്നതു തെറ്റായ ഉപദേശമാണ്. വേദപുസ്തകത്തിൽ പരിശുദ്ധാത്മാവിന്റെ വരങ്ങൾ എല്ലാം പൊതുപ്രയോജനത്തിനായി നൽകിയിരിക്കുന്നു.

വ്യക്തിപരമായ പ്രയോജനത്തിനല്ല എന്നു നിങ്ങൾ മനസ്സിലാക്കണം. 1 കൊരി 12–ാം അദ്ധ്യായത്തെ വായിച്ചു ധ്യാനിക്കണം. ഇതു വായിക്കുന്നതിനു മുമ്പ് നേരത്തേ ഞാൻ എഴുതിയതുപോലെ ആ വചനം

ആർക്കുവേണ്ടി എഴുതപ്പെട്ടു

ഏതു സാഹചര്യത്തിൽ എഴുതപ്പെട്ടു

വ്യക്തിക്കു വേണ്ടി എഴുതപ്പെട്ടതാണോ?

സഭാ ജനങ്ങൾക്കുവേണ്ടി എഴുതപ്പെട്ടതാണോ?

ഏതു ഉദ്ദേശം കൊണ്ടു എഴുതപ്പെട്ടതു

അതു ആരെക്കൊണ്ടു എഴുതിപ്പിച്ചതു

ഈ അടിസ്ഥാനത്തിൽ ഒരു സമയത്തെ ധ്യാനിക്കാതെപോയാൽ വചനത്തിന്റെ അർത്ഥം തെറ്റായ വ്യാഖ്യാനത്തെ ഉണ്ടാക്കും. വേദവചനം ഇരുവാത്തലയുള്ള വാൾ ശരിക്കു വചനത്തെ മനസ്സിലാക്കാതെ പോയാൽ വാൾ പോലെ ആപത്തായിത്തീരും. മാത്രമല്ല നമ്മുടെ ആത്മീക ജീവിതത്തിന്റെ ദിശ മാറിപ്പോകും.1 കൊരി 12–ാം അദ്ധ്യായത്തിൽ ചില വചനങ്ങൾ അതുപോലെ ഞാൻ എഴുതുന്നു. വെറും വചനത്തിന്റെ നമ്പർ മാത്രം സൂചിപ്പിച്ചാൽ എടുത്തു വായിക്കാൻ ചിലർക്കു മടിയുണ്ട്. അതുകൊണ്ട് ചില വചനങ്ങൾ അതുപോലെ ഞാൻ എഴുതുന്നു.

- ☐ 1 കൊരി 12:6–11, ഇത് പൌലൂസ് അപ്പോസ്തലൻ 16 ഭാഷകൾ നിറഞ്ഞ കൊരിന്തു സഭയ്ക്കുമാത്രം എഴുതുന്നത് എന്നു നിങ്ങൾ ആദ്യം മനസ്സിലാക്കണം. ഈ ആലോചന മറ്റു സഭകൾക്കു യോജിച്ചതല്ല. കൊരിന്തു സഭയിൽ ഉണ്ടായ ഭാഷയുടെ കുഴപ്പം കാരണം അത് വ്യക്തത വരുത്തുവാൻ പൌലൂസ് ഈ ലേഖനം എഴുതുന്നു. പൌലൂസ് ലേഖനങ്ങൾ എഴുതുമ്പോൾ അതതു സഭകളിൽ അതു വായിക്കണം എന്ന്

അറിയിക്കുന്നു. അങ്ങനെ എഴുതുന്നതു പൌലൂസിന്റെ ശീലമാണ്. ഇപ്പോൾ നിങ്ങൾ ശ്രദ്ധിക്കേണ്ട വിഷയം അന്യഭാഷ വരം (gift) അതു പരിശുദ്ധാത്മാവിന്റെ നിറവിനു അടയാളം അല്ല. വരം വേറേ – അടയാളം വേറേ. വരം (gift) കൊടുക്കപ്പെടുന്നതാണ്. അതു ചോദിക്കാൻ പാടില്ല. വരം ദൈവത്താൽ സഭയ്ക്കുവേണ്ടി കൊടുക്കപ്പെട്ടതാണ്. ആ വരത്തെ തനിക്കു ഇഷ്ടമായവർക്ക് മാത്രം കർത്താവ് കൊടുക്കുന്നു. അതു പണം കൊടുത്തു വാങ്ങാൻ സാധിക്കുന്നില്ല. ഉപവാസം ചെയ്തോ കരഞ്ഞുപ്രാർത്ഥിച്ചോ ആ വരങ്ങളെ ദൈവത്തിൽ നിന്നു വാങ്ങാൻ സാധിക്കുന്നില്ല. 1 കൊരി 12:4–11

1) വരങ്ങളിൽ വ്യത്യാസം ഉണ്ട് – ആത്മാവ് ഒരുവൻ തന്നെ

2) ശുശ്രൂഷയിൽ വ്യത്യാസം ഉണ്ട് – കർത്താവ് ഒരുവൻ തന്നെ

3) വീര്യപ്രവർത്തിയിൽ വ്യത്യാസം ഉണ്ട് – എല്ലാം നടത്തുന്ന ദൈവം ഒരുവൻ തന്നെ

4) ആത്മാവിന്റെ പ്രകാശനം – പൊതുപ്രയോജനത്തിനു മാത്രം നൽകപ്പെടുന്നു.

5) എങ്ങനെയെന്നാൽ

| | | |
|---|---|---|
| ഒരുത്തന് ആത്മാവിനാൽ | – | ജ്ഞാനത്തിന്റെ വചനം |
| മറ്റൊരുവന് അതേ ആത്മാവിനാൽ | – | പരിജ്ഞാനത്തിന്റെ വചനം |
| വേറൊരുത്തന് അതേ ആത്മാവിനാൽ | – | വിശ്വാസം |
| മറ്റൊരുവന് അതേ ആത്മാവിനാൽ | – | രോഗശാന്തികളുടെ വരം |
| മറ്റൊരുവന് | – | വീര്യപ്രവർത്തികൾ |
| മറ്റൊരുവന് | – | പ്രവചനം |

| | | |
|---|---|---|
| മറ്റൊരുവന് | – | ആത്മാക്കളുടെ വിവേചനം |
| വേറൊരുവന് | – | പലവിധ ഭാഷകൾ |
| മറ്റൊരുവന് | – | ഭാഷകളുടെ വ്യാഖ്യാനം |

മുകളിൽ സൂചിപ്പിച്ച വരങ്ങൾ എല്ലാം പരിശുദ്ധാത്മാവ് ഒരുത്തൻ തന്നെ ഓരോരുത്തനു തന്റെ ഇഷ്ടപ്രകാരം പകർന്നുകൊടുക്കുന്നു.

**ഇതിൽ പ്രധാനമായി ശ്രദ്ധിക്കേണ്ട വിഷയം**

സഭ മുഴുവനും അന്യഭാഷ സംസാരിക്കുന്നില്ല എന്നു വ്യക്തമാക്കുന്നു. മാത്രമല്ല എല്ലാ വരങ്ങളും വ്യക്തിപരമായി കൊടുക്കുന്നില്ല. പൊതു പ്രയോജനത്തിനായി നൽകപ്പെടുന്നു. ഈ വരങ്ങൾ എല്ലാം സഭയ്ക്കു വേണ്ടിയും സഭാ ജനങ്ങൾക്കു **പൊതുപ്രയോജനത്തിനായും** കൊടുക്കപ്പെട്ടതു എന്നു ശ്രദ്ധിക്കണം. മാത്രമല്ല വരങ്ങൾ എല്ലാം പരിശുദ്ധാത്മാവു തന്നെ കൊടുക്കുന്നു. അതുകൊണ്ടു പരിശുദ്ധാത്മാവിനെ നോക്കി പരിശുദ്ധാത്മാവേ എനിക്കു ഈ വരം തരണമേ എന്നു പരിശുദ്ധാത്മാവിനോടു അപേക്ഷിക്കാൻ പാടില്ല. പരിശുദ്ധാത്മാവിനോടു ബന്ധപ്പെട്ട എല്ലാം യേശുക്രിസ്തുവിലൂടെ മാത്രമേ ലഭിക്കാൻ സാധിക്കൂ. യേശു പറഞ്ഞു. എന്റെ നാമത്തിൽ നിങ്ങൾ ചോദിക്കുന്നതു പിതാവ് നിങ്ങൾക്കു നൽകും. പരിശുദ്ധാത്മാവു നിങ്ങൾക്കു വേണമെങ്കിൽ ചോദിച്ചു വാങ്ങണം എന്നു യേശു പറഞ്ഞല്ലോ എന്നു ചിലർ പറയും.

- സുവിശേഷ പുസ്തകത്തിൽ യേശു പറഞ്ഞു. മകൻ മീൻ ചോദിച്ചാൽ അപ്പൻ പാമ്പു കൊടുക്കുമോ? എന്നുള്ള ഉദാഹരണം പറയുന്നതുപോലെ. അങ്ങനെ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ ദൈവം തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും. അതു വാസ്തവം തന്നെ. അപ്പോൾ നിങ്ങൾ ശ്രദ്ധിക്കേണ്ടതു ഞാൻ ആദ്യത്തെ അദ്ധ്യായത്തിൽ പറഞ്ഞതുപോലെ.

1. എപ്പോഴാണ് പറയപ്പെട്ടത്
2. ഏതു കാലത്തിലാണ് പറയപ്പെട്ടത്
3. ഏതു സാഹചര്യത്തിലാണ് പറയപ്പെട്ടത്

യേശുക്രിസ്തു മുകളിൽ പറഞ്ഞ വിഷയം ഈ ഭൂമിയിൽ താൻ മനുഷ്യനായിരിക്കുമ്പോൾ പറഞ്ഞതാണ്. അന്നു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്നു പറഞ്ഞതു നിറവേറാത്ത കാലം.

യോഹ 14:16 ൽ വേറൊരു കാര്യസ്ഥനെ (പരിശുദ്ധാത്മാവിനെ) എന്നന്നേക്കും നിങ്ങളോടു കൂടെ ഇരിക്കുവാൻ ഞാൻ ചെന്ന് അയക്കും എന്നു യേശുപറഞ്ഞു. യേശു പറഞ്ഞ ഈ വിഷയം യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ ശേഷം മാളിക മുറിയിൽ 126 പേർ കൂടിയിരുന്നു സമയത്തും അതിന്റെ ശേഷം എല്ലാ പേരുടെ ഉള്ളിലും സ്ഥിരമായി വാസം ചെയ്വാൻ യേശുക്രിസ്തു നമ്മുടെ ഉള്ളിലും അയക്കും.


ഇതു യോവേൽ പ്രവാചകൻ പറഞ്ഞപ്രകാരം സകല ജഡത്തിന്റെമേലും എന്റെ ആത്മാവിനെ പകരും എന്ന വാഗ്ദത്തം മുകളിൽ പറഞ്ഞ അതേ സാഹചര്യത്തിൽ (അപ്പോ. പ്ര. 2–ാം അദ്ധ്യായത്തിൽ) സംഭവിച്ചു. അതുകൊണ്ടു പുതിയ നിയമത്തിൽ മീനിനേയും പാമ്പിനേയും താരതമ്യപ്പെടുത്തി ചോദിക്കാൻ പറഞ്ഞതു യേശുക്രിസ്തു ക്രൂശിക്കപ്പെടുന്നതിനു മുമ്പു ജീവിച്ച കാലത്തിനു യോജിച്ചതാണ്. യേശു പറഞ്ഞ കാലത്തിൽ പരിശുദ്ധാത്മാവ് എല്ലാവരുടെമേലും വന്ന് ഇറങ്ങാത്ത കാലമാണ്. അതുകൊണ്ട് യേശുപറഞ്ഞ പാമ്പ് മീന് ഉദാഹരണം ക്രിസ്തു ജീവിച്ച കാലത്തിനു മാത്രം യോജിച്ചതാകും.

പക്ഷെ ഇപ്പോൾ മാനസാന്തരപ്പെട്ട എല്ലാവരുടെമേലും പരിശുദ്ധാത്മാവ് എനിക്കു വേണം എന്നു ചോദിക്കാത്ത എല്ലാവരുടെയും ഉള്ളിലും പരിശുദ്ധാത്മാവ് കേറി വസിക്കുന്നു. എഫെ 1:13, യോഹ 14:16, 22–25.

- യേശു ജീവിച്ച കാലത്ത് മോശ വിവാഹമോചനം ചെയ്യാം എന്നെഴുതിയതിനെ യേശു ക്രിസ്തുവിനോട് ചൂണ്ടിക്കാണിച്ചപ്പോൾ വ്യഭിചാരം കാരണം ഒരു സ്ത്രീ പിടിക്കപ്പെട്ടാൽ അങ്ങനെയുള്ള ഭാര്യയെ വിവാഹമോചനം ചെയ്യാം എന്നു പറഞ്ഞിട്ട് എന്തായാലും അതു പിതാവിന്റെ ഇഷ്ടമല്ല. അന്നത്തെ കാലത്ത് നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം മോശ അങ്ങനെ എഴുതി. 1 കൊരി 7:10 പൗലൂസ് അപ്പോസ്തലൻ പറയുന്നു വിവാഹം കഴിച്ചവർ ഭാര്യ ഭർത്താവ് വേർപിരിയാൻ പാടില്ല. ഇതു ഞാനല്ല കർത്താവ് പറയുന്നു എന്നു പറഞ്ഞിരിക്കുന്നു. ക്രിസ്തു പറഞ്ഞതു ന്യായപ്രമാണ കാലമാണ്. പൗലൂസ് പറയുന്നതു പുതിയ നിയമസഭയുടെ കാലം. യേശുക്രിസ്തു ക്രൂശിക്കപ്പെടുന്നതുവരെ ന്യായപ്രമാണ ചട്ടങ്ങളെ ജ്ഞാനത്തോടു പറഞ്ഞു.

  ന്യായപ്രമാണത്തിൽ പത്തു കല്പനയെക്കുറിച്ച് യേശു പറയുമ്പോൾ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം എന്നു പറഞ്ഞ ഈ വാക്കിൽ പത്തു കല്പനയേയും യേശു ഉള്ളടക്കം ചെയ്തു. എന്നെ കൊല ചെയ്വാൻ ഞാനിഷ്ടപ്പെടുന്നില്ല. അതുകൊണ്ടു കൊല ചെയ്വാൻ പാടില്ല എന്ന പ്രത്യേക ഉപദേശം ആവശ്യമില്ല. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം എന്നുള്ള വാക്കിൽ എല്ലാം അടങ്ങിയിരിക്കുന്നു.

- അതുപോലെ തന്നെ വ്യഭിചാരം ചെയ്ത ഭാര്യയെ ന്യായപ്രമാണകാലത്തിനു തക്കവണ്ണം വിവാഹമോചനം ചെയ്യാം എന്നു മോശ പറഞ്ഞതു യേശു ചൂണ്ടിക്കാണിച്ചു. ന്യായമപ്രമാണത്തിനു യോജിച്ച മറുപടി പറഞ്ഞു. പക്ഷെ യേശു മരിച്ചു ഉയിർത്തശേഷം പൗലൂസ് അപ്പോസ്തലൻ 1 കൊരി 13-ാം അദ്ധ്യായത്തിൽ യേശുക്രിസ്തുവിൻമേലുള്ള സ്നേഹം സകലത്തേയും താങ്ങും, വിശ്വസിക്കും എന്ന് എഴുതി. ഇനി ഞാൻ വ്യഭിചാരം ചെയ്യത്തില്ല എന്നു തെറ്റു ചെയ്ത ഭാര്യ പറഞ്ഞാൽ ഭർത്താവ് അവളെ ചേർത്തുകൊള്ളണം




സഹിക്കണം താങ്ങണം. അങ്ങനെ പുതിയ നിയമ ഉപദേശം ക്രിസ്തുവിന്റെ കാല ഉപദേശവുമായി വ്യത്യാസപ്പെട്ടിരിക്കുന്നതു വായിക്കുന്ന വായനക്കാർ മനസ്സിലാക്കണം. ഇങ്ങനെയാണ് പഴയനിയമത്തിൽ നിന്നു പുതിയനിയമം വ്യത്യാസപ്പെടുന്നത്. ഇത്രയും കൊണ്ടു ഞാൻ ഈ വിഷയത്തെ അവസാനിപ്പിക്കുന്നു.

തുടർന്ന് ഞാൻ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ചോദ്യങ്ങൾക്കു മറുപടി തരും. ഇതുവരെ ഞാൻ എഴുതിയതിൽ എന്തെങ്കിലും സംശയങ്ങളോ വിമർശനങ്ങളോ ഉണ്ടെങ്കിൽ എഴുതി അറിയിക്കണം

അടുത്ത മാസവും അന്യഭാഷാകുഴപ്പ വിവരം തുടരും....

**Mob: 09894261333**

ഈ മൊബൈൽ നമ്പറിൽ **Mob: 09894261333** നിങ്ങൾക്ക് എന്തെങ്കിലും പ്രാർത്ഥനകുറിപ്പുകൾ അറിയിക്കാനുണ്ടെങ്കിൽ നിങ്ങളുടെ പേരും മൊബൈൽ നമ്പരും SMS ചെയ്ത് എനിക്ക് അയക്കുക. ആഴ്ചയിൽ രണ്ടു ദിവസം ഞാൻ വീട്ടിൽ ഉണ്ടായിരിക്കുമ്പോൾ നിങ്ങൾ SMS ചെയ്ത മൊബൈൽ നമ്പരിൽ ഞാൻ തന്നെ വിളിച്ചു സംസാരിച്ചു പ്രാർത്ഥിക്കും. എന്റെ പഴയ നമ്പറിൽ ലൈൻ കിട്ടാത്ത കാര്യം പലർ എന്നെ അറിയിച്ചു. ഒരേ സമയത്ത് പലർ എന്നെ വിളിക്കുമ്പോൾ എന്റെ നമ്പർ busy ആയിട്ടുതന്നെ കേൾക്കാം. ഈ പുതിയ ഏർപ്പാടിൽ ഞാൻ തന്നെ നിങ്ങളെ എല്ലാപേരേയും വിളിച്ചു സംസാരിക്കാൻ സാധിക്കും എന്നുള്ള സന്തോഷവാർത്ത അറിയിക്കുന്നു. ഈ മൊബൈൽ നമ്പർ എന്റെ ഓഫീസുപയോഗത്തിനു മാത്രം വച്ചിരിക്കുന്നു. ദയവായി ഈ മൊബൈൽ വഴി എന്നോടു സംസാരിക്കാൻ ശ്രമിക്കരുത്. നിങ്ങളുടെ മൊബൈൽ നമ്പർ SMS ചെയ്യാൻ മാത്രം ഉപയോഗിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

*- 4 Page Cond....*

**ഡ്രൈവിംഗ് ലൈസൻസ്** എടുത്തു കാണിച്ചു. ആ ഹൈന്ദവ ജഡ്ജി അദ്ദേഹത്തോട് ഒരച്ചനുള്ള ഐ.ഡി അദ്ദേഹത്തിന്റെ **കുപ്പായം ആണ്**. കുപ്പായം ഇല്ലാതെ എന്തുകൊണ്ടാണ് ഓഫീസിനുള്ളിൽ വന്നത്? അപേക്ഷ തിരികെ കൊടുത്ത് പോയി കുപ്പായം ഇട്ടുകൊണ്ടുവരാൻ പറഞ്ഞു.

മറ്റൊരു അച്ചനെ അന്വേഷണത്തിന് വേണ്ടി ജഡ്ജിമാർ ക്ഷണിച്ചിരുന്നു. വർത്തമാനത്തിന്റെ ഇടയിൽ അച്ചൻ പറഞ്ഞു. എന്റെ ബിഷപ്പിനുവേണ്ടി എന്റെ രക്തത്തെയും കൊടുക്കാൻ ഞാൻ തയ്യാറാണ്. അപ്പോൾ ആ ജഡ്ജി പറഞ്ഞത് **ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായി** മരിച്ചവരെക്കുറിച്ചു ഞാൻ കേട്ടിട്ടുണ്ട്. താങ്കൾ ഒരു മനുഷ്യനുവേണ്ടി രക്തം കൊടുക്കും എന്നു പറഞ്ഞത് എനിക്കതിശയം തോന്നുന്നു. തിരുനെൽവേലി ഡയോസിസിന്റെ സ്ഥിതി സാക്ഷി നഷ്ടപ്പെട്ട നിലയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. ഇത് സി.എസ്.ഐ അംഗങ്ങൾക്ക് വലിയ നാണക്കേടാണ്.

ഇതെഴുതിക്കൊണ്ടിരിക്കുന്ന എന്റെ മനസ്സിലും സി.എസ്.ഐ സഭകളെ കോടതി നിയന്ത്രിക്കുന്ന സംഭവങ്ങളെ കാണുമ്പോൾ വളരെ വിഷമം തോന്നുന്നു. വരുന്ന അഞ്ചു മാസങ്ങൾക്കുള്ളിൽ തിരുനെൽവേലി ഡയോസിസിൽ **ബിഷപ്പ് ഇലക്ഷൻ നടക്കാൻ പോകുന്നു.** ഇലക്ഷൻ നടത്തുന്നത് മോഡറേറ്ററായിരിക്കില്ല എന്നു പറയപ്പെടുന്നു. കോടതിയാണ് ഇലക്ഷൻ നടത്തുന്നത്. അങ്ങനെ നടത്തിയാൽ ഒരുവിധത്തിൽ നല്ലതാണ്. **അടിപിടി** ഇല്ലാതെ സമാധാനത്തോടെ ഇലക്ഷൻ നടന്നാൽ മതി എന്നു ചിന്തിക്കാൻ തോന്നുന്നു.

ഇത് വായിക്കുന്നവർ ഇന്ത്യയിലുള്ള പ്രശ്നങ്ങൾക്കു വേണ്ടിയും തിരുനെൽവേലി ഡയോസിസിന്റെ സ്ഥിതി മാറുവാൻ വേണ്ടിയും പ്രാർത്ഥിക്കണം. അഞ്ചു ജഡ്ജിമാർ കോടതിവിധി അനുസരിച്ചു കാര്യങ്ങൾ നടത്തിയാലും അവരുടെ **ശമ്പളമായ വൻതുക** ഡയോസിസ് അല്ലെങ്കിൽ സിനഡ് കൊടുക്കണം എന്നറിയുന്നു. സഭാജനങ്ങൾ **ദൈവത്തിനു കൊടുക്കുന്ന വഴിപാടുകൾ** ഇങ്ങനെ ആവശ്യമില്ലാത്ത കോടതി കേസുകൾക്ക് ചെലവാക്കിക്കൊണ്ടിരിക്കുന്നു.

തിരുനെൽവേലി ഡയോസിസ് മാത്രമല്ല പല ഡയോസിസുകളിലും ഇതേ സ്ഥിതിതന്നെ. വളരെ വേഗത്തിൽ ഈ സാക്ഷികെട്ട സ്ഥിതികൾ മാറുവാൻ നമുക്കു പ്രാർത്ഥിക്കാം.

- ☐ നിങ്ങൾ എല്ലാപേരും അയച്ച പണം കിട്ടി. SBI, CANARA BANK വഴിയായി അയച്ച പണവും കിട്ടി. മണിയോർഡർ, ചെക്ക് വഴിയായി അയച്ച പണവും കിട്ടി. കേരളത്തിലെ എല്ലാ സഭകളിലുമുള്ള വായനക്കാർക്കുവേണ്ടി ദൈവത്തെ സ്തുതിക്കുന്നു.

**ഡോ. പുഷ്പരാജ**

# കർത്താവിൽ നിദ്രപ്രാപിച്ചു



**Dr. SAMRAJ SAMUEL**

ഡോ. സാംരാജ് സാമുവൽ MBBS അവർകൾ 2019 സെപ്റ്റംബർ മാസം തന്റെ നല്ല ഓട്ടത്തെ ഓടി സകല ഒരുക്കത്തോടും തന്റെ ആത്മാവിനെ കർത്താവിന്റെ കയ്യിൽ ഏല്പിച്ചു.

ട്രൈബൽമിഷൻ ആദിവാസികളുടെ ഇടയിൽ നടക്കുന്ന ദൈവവേലയിൽ ആനക്കട്ടി ബഥനി ആശുപത്രി തുടങ്ങുന്നതിനു മുമ്പു അട്ടപ്പാടിയിൽ അഗഴി എന്നു വിളിക്കപ്പെടുന്ന വനത്തിന്റെ ഉൾഭാഗത്തിൽ ഞാൻ മിഷനറിവേല തുടങ്ങി ആ അഗഴി കെട്ടിടങ്ങളിലാണ് ട്രൈബൽ മിഷന്റെ ആദ്യത്തെ ക്ലിനിക്ക് തുടങ്ങിയത്. ആ സമയത്ത് ട്രൈബൽ മിഷൻ ക്ലിനിക്ക് വഴി ആദിവാസികളെ സന്ദർശിക്കുന്ന ദൈവവേലയിൽ ഞങ്ങളെ കൂടുതൽ സഹായിച്ചു. ആഴ്ചയിൽ രണ്ടു ദിവസം മേട്ടുപാളയത്തിൽ നിന്നു (ഊട്ടി) കോയമ്പത്തൂർ വന്ന് കോയമ്പത്തൂർ നിന്ന് ബസ്സിൽ ആനക്കട്ടിയിൽ ഇറങ്ങി ആനക്കട്ടിയിൽ നിന്ന് ബസ്സിൽ കയറി അട്ടപ്പാടിയിൽ ഇറങ്ങി അട്ടപ്പാടിയിൽ നിന്ന് മലകയറി അഗഴി എന്ന സ്ഥലത്ത് എത്തി ആദിവാസികൾക്കു സുവിശേഷം അറിയിച്ച് അന്നു രാത്രി മടങ്ങിപോകും. അന്ന് കൂടുതൽ ബസ് സൗകര്യം ഇല്ലാത്ത കാലം. ആനക്കൂട്ടം ഏഴു മണികഴിഞ്ഞാൽ റോഡുമുഴുവൻ വന്നു നിൽക്കും. അതുകൊണ്ട് അവസാന ബസ്സ് ഏഴുമണിക്കു മുൻപ് കോയമ്പത്തൂരിലേക്കു പുറപ്പെടും. ഓരോരോ പ്രാവശ്യവും ഡോ. സാം രാജ് അവർകൾ ഓടിവന്ന് ആ ബസിൽ കയറും. അദ്ദേഹം വരാത്ത ദിവസങ്ങളിൽ ഡോ. മുരളി അല്ലെങ്കിൽ ഡോ. പുഷ്പരാജായ ഞാൻ ആ ക്ലിനിക്കിൽ ചെന്ന് രോഗികളെ ചികിത്സിച്ച് സുവിശേഷം അറിയിക്കും.

ഡോ. സാംരാജ് അവർകൾക്കു മേട്ടുപാളയത്തിൽ നിന്നു മൂന്നു ബസ്സ് കയറി വരാനുള്ള ബസ്സു കൂലി കൊടുത്താലും ഡോക്ടർ വാങ്ങുന്നില്ല. ഇങ്ങനെ ത്യാഗത്തോടു ട്രൈബൽ മിഷൻ വേലയിൽ ഡോ. സാംരാജ് ഞങ്ങളെ സഹായിച്ചതിനും ദൈവത്തെ സ്തുതിക്കുന്നു. അവസാനം രോഗം കാരണം വെല്ലൂർ ആശുപത്രിയിൽ അദ്ദേഹത്തിന്റെ കാൽ



മുറിക്കേണ്ടിവന്നു. അതോടെ അദ്ദേഹം തന്റെ ഓട്ടം നിർത്തി. മരിച്ചശേഷം അദ്ദേഹത്തിന്റെ ശരീരത്തെ ബാംഗ്ലൂരിലേക്കു മക്കൾ എടുത്തുകൊണ്ടുപോയി. മെതഡിസ്റ്റ് സഭയിൽ അടക്കം ചെയ്തു. ദൈവം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കു ആശ്വാസം നൽകുമാറാകട്ടെ.

ട്രൈബൽ മിഷന്റെ പേരിലും ഡോ. മുരളീധർ അവർകളുടെ പേരിലും എന്റെ പേരിലും കുടുംബത്തിന് ആദരാഞ്ജലികൾ അറിയിക്കുന്നു.

# ONLINE BANKING

**A/c Name : Dr. M.G.E.PUSHPARAJ**

(**Overseas Doners):**

**1). Bank Name : State Bank of India - Srirangapalayam Branch-SALEM-1970**
**A/c No. 10764116842, Swift code: SBININBB637**

**(India Doners):**

**IFSC CODE : SBIN0001970- A/c No.10764116842**

2) **Bank Name: CANARA BANK, (Suramangalam Branch) - 1219**

(**Overseas Doners):**

**SWIFT CODE: CNRBINBBSLM - A/c No. 1219101013622**

(**India Doners):**

**IFSC CODE : CNRB0001219 - A/c No. 1219101013622,**
**MICR CODE: 636015005.**



**അനുമോദിക്കുന്നു !!!** **ആശംസിക്കുന്നു !!!**

(ALC ചർച്ച്) ആർക്കാട് ലൂഥറൻ സഭകളുടെ 8–ാമത്തെ ബിഷപ്പായി റവ. സാമൂവേൽ കെന്നഡി അവർകൾ 2019 ആഗസ്റ്റ് മാസം 21–ാം തീയതി Rt. Rev. രാജാ സൊക്രട്ടിസ് അവർകളാൽ അഭിഷേകിക്കപ്പെട്ടു. പുതിയ ബിഷപ്പ് റെറ്റ്. റവ. സാമുവേൽ കെന്നഡി അവർകളെ ജാമക്കാരൻ വായനക്കാരുടെ പേരിലും എന്റെ സ്വന്തം പേരിലും ആശംസിക്കുന്നു.

- ധാരാളം പ്രശ്നങ്ങളും ധാരാളം കോടതികേസുകളും ALC ഡയോസിസിൽ ഉണ്ടായിട്ടുള്ള ഈ സാഹചര്യത്തിൽ പുതിയ ബിഷപ്പ് അവർകൾ ദൈവത്തിന്റെ സഹായത്തോടെ കോടതിക്കേസുകളില്ലാതെ സമാധാനത്തോടെ നടത്തിക്കൊണ്ടു പോകുവാൻ ദൈവം ജ്ഞാനത്തെ കൊടുത്തു സഹായിക്കുമാറാകട്ടെ.

**NOVEMBER-2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.